ഗുരുണാ പ്രേഷിതാ വയം.


# ബ്രഹ്മശ്രീ

ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2023 ജൂലൈ–ആഗസ്റ്റ് വാല്യം : 20 – ലക്കം : 4



# കൊരട്ടി ശാഖ രാമായണോത്സവം 2023



## ആദരാഞ്ജലികൾ

മലയാള ബ്രാഹ്മണ സമാജത്തിലെ ആചാര്യശ്രേഷ്ഠനും കുറവിലങ്ങാട് തുരുത്തിയിൽ ഇല്ലം കുടുംബാംഗവുമായ **ബ്രഹ്മശ്രീ റ്റി.എസ്. നാരായണൻ നമ്പൂതിരി** (ഉണ്ണിത്താൻ ചേട്ടൻ) 2023 ആഗസ്റ്റ് 17ന് ദിവംഗതനായി.



പാമ്പർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ

2023 ജൂലൈ – ആഗസ്റ്റ് : വാല്യം 20 – ലക്കം 4

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം–686 634, Ph : 8281108575

**പ്രൊഫ. ബാലചന്ദ്രശർമ്മ കെ.** (കേന്ദ്ര പ്രസിഡന്റ്)
കണത്തുരുത്തിൽ ഇല്ലം, കൊക്കോതമംഗലം പി.ഒ.
ചേർത്തല – 688527, Ph : 94478 65535

**കെ ശ്രീവത്സലൻ നമ്പൂതിരി**, (കേന്ദ്ര സെക്രട്ടറി)
ശബരിയാംമൂട്ടിൽ ഇല്ലം, VARA 132, അറപ്പുര റോഡ്,
വട്ടിയൂർക്കാവ്–695013. തിരുവനന്തപുരം. Ph:. 9037068911

**റ്റി.വി.നാരായണ ശർമ്മ**, (മാനേജിംഗ് എഡിറ്റർ)
താമരശ്ശേരി ഇല്ലം മാലം പി.ഒ., കോട്ടയം – 686019
Ph: 95623 56959

**ഡോ. കെ.എൻ.ഹരികൃഷ്ണ ശർമ്മ** (സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയം–686 503, Ph: 98475 98896

**അമ്പിളി പി താമരശ്ശേരി** (സബ് എഡിറ്റർ)
താമരശ്ശേരി ഇല്ലം, മാലം പി .ഒ, കോട്ടയം 686019.,
Ph: 98479 89402

**രാജേഷ് ഡി** (സർകുലേഷൻ)
മുല്ലശ്ശേരി ഇല്ലം, പട്ടണക്കാട് പി.ഒ., ചേർത്തല 688532
Ph: 81292 73500

**അരുൺ കീച്ചേരിൽ** (അഡ്വർടൈസ്മെന്റ്)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ.–686 575, Ph: 94468 46461

**വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം–682 306, Ph : 94475 66168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

മനുഷ്യരെല്ലാം സമന്മാരാണോ ?
തന്റെ ആഹാരത്തിനായി ചലിയ്ക്കുന്ന ഒരു ജീവിയെപ്പോലും കൊല്ലാതെ തികഞ്ഞ സസ്യാഹാരിയായി ജീവിതം ജീവിച്ചു വരുന്ന മനുഷ്യനും മാംസഭക്ഷണമില്ലാതെ ഒരു ദിവസം പോലും കഴിയാൻ വയ്യാത്ത 'ആശരന്മാരും' (അല്ലെങ്കിൽ കൗണപന്മാരും) ദൈവത്തിന്റെ ദൃഷ്ടിയിലെങ്കിലും തുല്യരാകാൻ വഴിയില്ല.
കുടുംബം പോറ്റാൻ രാപ്പകൽ അധ്വാനിച്ച് ആരെയും ഉപദ്രവിക്കാതെ ധർമ്മശാസ്ത്ര നീതി അനുസരിച്ച് ജീവിയ്ക്കുന്ന ഒരു സാധാരണക്കാരനും കുതന്ത്രങ്ങളെല്ലാം പയറ്റി കൂട്ടത്തിൽ നിൽക്കുന്നവനെപ്പോലും ചവിട്ടിത്താഴ്ത്തി അധികാരത്തിലേറി രാഷ്ട്ര സമ്പത്ത് തന്റെ സുഖലോലുപതയ്ക്കും സ്വാർത്ഥ ലാഭത്തിനുമായി ധൂർത്തടിക്കുന്ന, സ്തുതിപാഠകർ അലങ്കരിച്ചു നൽകിയ 'മഹത്വ'ത്തിന്റെ ധവളപ്രഭയിൽ വിരാജിക്കുന്ന അല്പനും ഏത് പ്രപഞ്ച നിയമത്തിന്റെ കാഴ്ചപ്പാടിലും സമന്മാരല്ല.

കുടുംബത്തിലും നാട്ടിലും ഏഷണികൾ പറഞ്ഞുപരത്തി എവിടെയും അന്തഃച്ഛിദ്രങ്ങൾ സൃഷ്ടിക്കാൻ തന്റെ സമയത്തിന്റെ ഒരു നല്ല ഭാഗം വിനിയോഗിക്കുന്ന ഏഷകപ്പരിഷകളും അനേകമനേകം സാമൂഹ്യ സാമുദായിക സംഘടനാ പ്രവർത്തനങ്ങളിലൂടെ മനുഷ്യരെ ഒന്നിപ്പിക്കാൻ ശ്രമിയ്ക്കുകയും പരസ്പര സഹായ സഹകരണത്തിന്റെ മസൃണ രംഗവേദികൾ സൃഷ്ടിക്കാൻ ശ്രമിയ്ക്കുന്നവരും തമ്മിൽ അജഗജാന്തരമുണ്ട്.

➡

ഉപദേശകസമിതി
എം.നാരായണൻ നമ്പൂതിരി | ഡോ.ഹരിഹരൻ,
പ്രൊഫ.(റിട്ട) ഡോ. സുകുമാരി അന്തർജ്ജനം

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
ചോദിക്കുന്നു നീർ നാവു വരണ്ടഹോ

മിതവ്യയം ശീലിച്ച് പ്രയത്നിച്ച് സമ്പത്തു നേടി രാജ്യനന്മയ്ക്കുകൂടി ഉതകുന്ന രീതിയിൽ അത് ഉപയോഗിയ്ക്കുന്നവരും തലമുറകളിലേക്ക് കൈമാറേണ്ട കുടുംബസ്വത്ത് കൂടി വിറ്റ് ധൂർത്തടിച്ച് നടക്കുന്നവരും മനുഷ്യ ഗണത്തിൽപെട്ടവരാണെങ്കിലും വ്യത്യസ്തമായി കാണേണ്ടവരും പരിഗണിയ്ക്കപ്പെടേണ്ടവരും തന്നെ ആണ്.

ചുരുക്കത്തിൽ, എല്ലാ മനുഷ്യരും തുല്യരാണ് എന്ന് പറഞ്ഞുനടക്കുന്നത് സൂക്ഷിച്ചുവേണം എന്നർത്ഥം

രാഷ്ട്ര ഭരണഘടന ഉറപ്പു നൽകുന്ന തുല്യത അല്ല ഇവിടെ വിഷയം.

എല്ലാ പൗരന്മാർക്കും നിയമം ഒരുപോലെയാണ് എന്ന് പറഞ്ഞു വച്ചിരിയ്ക്കുന്ന നീതിന്യായവ്യവസ്ഥയിലെ സമത്വം അല്ല നമ്മുടെ വിഷയം.

നിയമങ്ങളും അവസരങ്ങളും എല്ലാവർക്കും ഒരുപോലെയായിരിയ്ക്കട്ടെ. അങ്ങിനെ ആകാനേ മാർഗമുള്ളൂ ഭരണഘടനയുടെയും ഭരണകൂടത്തിന്റെയും ദൃഷ്ടിയിൽ!

പക്ഷെ മനുഷ്യരെല്ലാം തുല്യരല്ല; ഒരുപോലെയല്ല, അല്ലേയല്ല

നമ്മുടെ കാഴ്ചപ്പാടിൽ അങ്ങിനെ കാണാനേ പാടില്ല

പരമ സ്വാതികനായ ഒരു ശാന്തിക്കാരനും മൃഗതുല്യനായ തീവ്ര വാദിയും

നിഷ്ഠൂരനായ പോക്സോ കേസിലെ പ്രതിയും ഒരുപോലെ കാണേണ്ടവരല്ല. പക്ഷെ പലപ്പോഴും ഞാൻ ആദ്യം പറഞ്ഞ ഉദാഹരണങ്ങളിലെ ശ്രേഷ്ഠത അവകാശപ്പെടാൻ അർഹതയില്ലാത്ത മുഖങ്ങൾ ആദരവും മാന്യതയും പിടിച്ചു പറ്റുന്ന കാഴ്ചകൾ ജനങ്ങൾ സമ്മേളിയ്ക്കുകയോ കൂട്ടം കൂടുകയോ ചെയ്യുന്ന സാമൂഹ്യ വേദികളിൽ ശ്രദ്ധിച്ചാൽ നമുക്ക് കാണാം. റെയിൽവേ സ്റ്റേഷനോ ബസ് സ്റ്റാന്റോ എയർ പോർട്ടോ സിനിമ തീയേറ്ററോ നോക്കൂ. പണമാണ് അവിടെയെല്ലാം മനുഷ്യരെ നിയമ വിധേയമായിത്തന്നെ തട്ടുകളാക്കി തിരിക്കുന്നത് . മറ്റു സമ്മേളന വേദികൾ തുടങ്ങിയവയിൽ അധികാരമാകും അസമത്വം സൃഷ്ടിക്കുക.

സമത്വ സുന്ദര ലോകത്തിനായി ജാതിസംവരണം നടപ്പിലാക്കിയപ്പോൾ അവസരങ്ങളുടെ ലോകത്തു കേവല മനുഷ്യർക്കിടയിൽ അസമത്വത്തിന്റെ അനന്തവൈകൃത വേദിയാണ് ഉദയം ചെയ്തത് .

ജഗത് സൃഷ്ടാവായ ഭഗവാൻ സോഷ്യലിസ്റ്റല്ല . ഭാഗ്യമോ സമ്പത്തോ സൗന്ദര്യമോ കഴിവുകളോ ആരോഗ്യമോ സന്തോഷമോ ആയുസ്സോ ഒരുപോലെയല്ലല്ലോ മനുഷ്യർക്കെല്ലാം അദ്ദേഹം നൽകിയിരിക്കുന്നത് . മുജ്ജന്മ കർമ്മമാണ് ഈ ഭേദങ്ങൾക്കു കാരണമെന്നാണ് വൈദികജ്ഞാനം പറയുന്നത്. കാരണമെന്തായാലും കാര്യം വ്യക്തം. മനുഷ്യരെല്ലാം സമന്മാരായി കാണേണ്ടവരല്ല

എല്ലാ ജീവികളെയും ഒരുപോലെ കാണുന്നതാണ് പണ്ഡിതഗുണം . പക്ഷെ എല്ലാ മനുഷ്യരേയുമല്ല

അർഹതപ്പെട്ടവരെ ബഹുമാനിയ്ക്കാൻ പഠിയ്ക്കുന്നതോടൊപ്പം അനർഹരെ അവഗണിയ്ക്കാനും പഠിയ്ക്കണം.

കള്ളനും കശ്മലനും തികഞ്ഞ രാജ്യദ്രോഹിയും ആണെന്ന് നമുക്കുറപ്പുള്ള ഏതെങ്കിലും ജളപ്രഭുവായ രാഷ്ട്രീയക്കാരനേയോ ജനപ്രതിനിധിയെയോ കണ്ടാൽ ജനം ചാടി എഴുന്നേറ്റു ബഹുമാനിക്കുന്നതെന്തിനാണെന്നു മനസ്സിലാകുന്നില്ല. അധികാരത്തോടുള്ള ഭയവും വിധേയത്വവും തന്നെ ഇത്തരം ആദരചേഷ്ടകൾക്കു കാരണം.സ്ഥിരമായി ടിവിയിലും പത്രത്തിലും ഫോട്ടോ വരുന്നവരോട് നമുക്കെന്തുകൊണ്ടോ ഒരുതരം അത്ഭുതം കലർന്ന ആദരവാണ്. അത് കൊടുംകുറ്റവാളിയോടായാലും താനും കൂടി ഭരിച്ചിരുന്ന സഹകരണ ബാങ്ക് പൊളിച്ചുതിന്ന അക്ഷരം കൂട്ടിവായിക്കാനറിയാത്ത ഇത്തിക്കണ്ണി രാഷ്ട്രീയക്കാരോടായാലും അറിയാതെ കാണിച്ചു പോകുന്ന പ്രസിദ്ധരോടുള്ള ഒരു ബഹുമാനമാകാം.

ശ്രേഷ്ഠതയെയും വിജ്ഞാനത്തെയും വിനയപൂർവം മനസ്സറിഞ്ഞു ആദരിയ്ക്കാനും ഏതു മഹാഭൂരിപക്ഷം പിന്തുണച്ചാലും നിസ്തേജന്മാരായ ചണ്ഡാള മനുഷ്യരൂപങ്ങളെ (ഈ ചണ്ഡാളത്തം തികച്ചും മാനസികം തന്നെയാണ് ) അവരേതധികാരത്തിന്റെ ചെങ്കോലേന്തുന്നവരായാലും അവഗണിയ്ക്കാനും തന്നെയാണ് അലിഖിത നീതിശാസ്ത്ര സംസ്കാരം ഉത്ഘോഷിയ്ക്കുന്നത്.

അല്ലാതെ, എല്ലാ മനുഷ്യരും ഒരുപോലെയാണ് എന്ന് ആരെങ്കിലും

നാൽക്കവലയിൽ കള്ളുഷാപ്പിനുമുന്നിൽ ഉച്ചഭാഷിണി വച്ചുകെട്ടി പ്രസംഗിച്ചാൽ ഉടൻ ചാടി കയ്യടിയ്ക്കരുത്!!

ഈ തിരിച്ചറിവിൽ സോഷ്യലിസവും ജാതി ചിന്തയും സാമ്പത്തിക ഉച്ചനീചത്വ ങ്ങളും വിഷയമേയല്ല.

പക്ഷെ പണ്ഡിത പാമര ഭേദമുണ്ട് ! ഹിംസ ചെയ്യുന്നവരും 'അഹിംസാ പരമോ ധർമ്മഃ ' എന്ന് വിശ്വസിച്ച് ജീവിക്കുന്നവരും തമ്മിൽ അന്തരമുണ്ട്. ഭാഷയിലും പെരുമാറ്റ ത്തിലും ഉദാത്തത പാലിയ്ക്കുന്നവരും അല്ലാത്തവരും തമ്മിൽ വ്യത്യാസമുണ്ട്. വീടും നാടും രാഷ്ട്രവും മനുഷ്യരാശിയും ഏല്പിച്ചിരിയ്ക്കുന്ന ഉത്തരവാദിത്ത നിയോ ഗങ്ങൾ സമർത്ഥമായി നിർവഹിയ്ക്കുന്ന വരും അല്ലാത്തവരും സമന്മാരാണെന്ന് പറയരുത്.

ജനിച്ചു ജീവിയ്ക്കുന്ന സാഹചര്യ ങ്ങൾക്ക് ചിത്രഗുപ്തന്റെ കണക്കുപുസ്തക ത്തിൽ വെയിറ്റേജൊ ഗ്രേസ് മാർക്കോ മോഡറേഷനോ ബോണസ് പോയിന്റോ ഉള്ളതായി അറിവില്ല !

ഹരി
പത്രാധിപർ

## മുഖചിത്രം

**ഡിജിറ്റൽ ചിത്രരചന: മേഘ ശർമ്മ**

കൂത്താട്ടുകുളം കോഴിപ്പള്ളി ഇടമന പുത്തൻ പുരയിൽ ഹരിശർമ്മയുടെയും വിജിയുടെയും മകൾ. ഫിസിക്സിൽ ബിരുദാന്തര ബിരുദം നേടിയ മേഘ ഇപ്പോൾ ബഹിരാകാശ രംഗത്തു ഗവേഷണം തുടരാനുള്ള തയ്യാറെടുപ്പിലാണ്.

**ആശയം:** ഒരു പശുവിനെയും കൊണ്ട് എലൈറ്റ് സ്പേസ് ക്ലബ്ബിന്റെ അംഗത്വത്തി നായി വാതിലിൽ മുട്ടുന്ന ഇന്ത്യൻ കർഷ കന്റെ കാർട്ടൂൺ ഇന്ത്യയെ അപമാനിക്കുന്ന രീതിയിൽ ന്യൂയോർക്ക് ടൈംസ് വർഷങ്ങ ൾക്കു മുൻപ് പ്രസിദ്ധീകരിച്ചിരുന്നു. ചന്ദ്ര യാൻ വിജയകരമായി ചന്ദ്രോപരിതലത്തെ സ്പർശിച്ചപ്പോൾ കാലത്തിന്റെ കാവ്യനീതി അതിനു മറുപടി നൽകിക്കഴിഞ്ഞു. ആ മറുപടിയുടെ ചിത്ര സാക്ഷാത്കാരമാണ് ബ്രഹ്മശ്രീയ്ക്ക് വേണ്ടി മേഘ വരച്ച ഈ കാർട്ടൂൺ.

എലൈറ്റ് സ്പേസ് ക്ലബ്ബിൽ ഒരു പശുവിനെയും കൊണ്ട് തന്നെ കയറിയിരി ക്കുന്ന ബഹിരാകാശ സഞ്ചാരിയായ ഇന്ത്യ ൻ കർഷകനെ ഇതിൽ കാണാം .

ചന്ദ്രയാനിറങ്ങിയ ചന്ദ്രന്റെ ദക്ഷിണ ധ്രുവ ത്തിൽ നിന്ന് നോക്കിയാൽ ഭൂമിയെ തലതിരിഞ്ഞാണ് കാണുക. അങ്ങിനെ യാണത് വരച്ചിരിക്കുന്നതും.

വാതിലിൽ മുട്ടുന്നത് അംഗത്വം ആഗ്ര ഹിക്കുന്ന വേറെ ഏതെങ്കിലും രാജ്യം ആകാം .

ഭാരതത്തിന്റെ ആത്മവിശ്വാസത്തി ന്റെയും പുരോഗതിയുടെയും പ്രതീകമായി സൂര്യരാശിയായ ലിയോയുടെ നക്ഷത്ര വിന്യാസമാണ് ആകാശത്തിൽ വിരിഞ്ഞു നിൽക്കുന്നത് .

**മുഖചിത്ര രൂപകൽപന: സെൻ**

## കൃഷ്ണവർണ്ണത്തിൽ

**കണ്ണനോടൊന്നു മിണ്ടാൻ കഴിയണം**
**കണ്ണനെ ചേർത്തു നിർത്താൻ കഴിയണം**
**കണ്ണന്റെ കൂടെ പാടാൻ കഴിയണം**
**കണ്ണടയ്ക്കാതെൻ കണ്ണനെ കാണണം**

**ഗോവിന്ദനെന്റെ ഹൃദയത്തിൽ വാഴണം**
**ഗോപീചന്ദനമെന്നും ധരിക്കണം**
**ഗോപാലബാലരാകണം കൂട്ടുകാർ**
**ഗോലോകത്തിന്റെ നാഥനെ കാണണം**

**മാധവൻ തിരുനെറ്റിയിൽ ചുംബനം**
**രാധയേകിയ പോലെന്നും നൽകണം**
**രാധാകൃഷ്ണപ്രണയത്തിൽ വീഴണം**
**രാധയോടൊത്തു നൃത്തമാടീടണം**

**കൃഷ്ണവർണ്ണത്തിൽ മുങ്ങിക്കുളിക്കണം**
**കൃഷ്ണപൂജയായ് തീരണം യാമങ്ങൾ**
**കൃഷ്ണഭാവത്തിലെൻ ചിത്തമാഴണം**
**കൃഷ്ണനല്ലാതൊന്നില്ലെന്ന് തോന്നണം**

**സെൻ**

## പ്രപഞ്ചം

**കാലമതിന്റെ കനത്തകരം കൊണ്ട്**
**ലീലയായൊന്നു പിടിച്ചു കുലുക്കിയാൽ**
**പാടേ പതറിക്കൊഴിഞ്ഞുപോം, ബ്രഹ്മാണ്ഡ –**
**പാദപപ്പൂക്കളാം താരങ്ങൾകൂടിയും!**

**– വള്ളത്തോൾ**

ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തി നീ
നിറമുള്ള ജീവിതപ്പീലി തന്നു.

# മലയാള ബ്രാഹ്മണ സമാജം

**Malayala Brahmana Samajam, Reg No. K 593/99**
**(Registered Charitable Society)**

## കേന്ദ്രസമിതി


**പ്രസിഡന്റ്**
**പ്രൊഫ. ബാലചന്ദ്ര ശർമ്മ കെ.**
ഉഷസ്, കണത്തുരുത്തിൽ ഇല്ലം,
കൊക്കോതമംഗലം പി.ഒ., ചേർത്തല - 688527
Mob: 94478 65535, LL: 0478 2815535
E-mail: sarmakb1@gmail.com

**ജനറൽ സെക്രട്ടറി**
**ശ്രീവത്സലൻ നമ്പൂതിരി കെ.**
ശബരിയാംമൂട്ടിൽ ഇല്ലം, VARA 132.
വട്ടിയൂർക്കാവ് പി.ഒ.
തിരുവനന്തപുരം 695013. Mob: 90370 68911
Email: sreevalsalan@gmail.com

**ട്രഷറർ**
**അരുൺ കീച്ചേരിൽ**
നന്ദനം, മുരിക്കുംപുഴ
പാലാ പി ഓ, കോട്ടയം 686575
Mob: 94468 46461
Email : kvarunpala@gmail.com


## അഭിനന്ദനക്കുറിപ്പ്

ഭാരതത്തിന്റെ അഭിമാനം ചന്ദ്രനോളം ഉയർത്തിയ 'Team ISRO" യ്ക്ക് മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭിനന്ദന പൂച്ചെണ്ടുകൾ. ഈ ചരിത്രപരമായ ദൗത്യത്തിന്റെ വിജയത്തിൽ പങ്കാളികളായ എല്ലാവർക്കും അഭിവാദനങ്ങൾ. ഓരോ ഭാരതീയനും നിങ്ങളിൽ അഭിമാനം കൊള്ളുന്നു. MBS നെ സംബന്ധിച്ചടത്തോളം ഈ വിജയം സംഘടനയ്ക്ക് പ്രത്യേക സന്തോഷം നൽകുന്നു. ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകിയ ISRO ചെയർമാൻ ശ്രീ എസ്സ്. സോമനാഥ് MBSന്റെ അഭ്യുദയകാംക്ഷിയും 2019ലെ തിരുവനന്തപുരം MBS ജില്ലാ സമ്മേളനത്തിന്റെ ഉദ്ഘാടകനും, മുഖ്യാതിഥിയും ആയിരുന്നു. കൂടാതെ അദ്ദേഹം ബഹു: പ്രസിഡന്റിന്റെ ശിഷ്യനുമാണ്. ഈ ദൗത്യസംഘത്തിലെ MBS ന്റെ തിരുവനന്തപുരത്തെ സജീവപ്രവർത്തകരായ ശ്രീ. അജിത്ത് ബി. ശർമ്മ (കണത്തുരുത്തിൽ ഇല്ലം), ശ്രീ ദാമോദരൻ (പാണ്ഡ്യാട്ട് ഇല്ലം), ഡോ. ഗിരീഷ് ശർമ്മ(വെള്ളൂർ ഇല്ലം) എന്നിവർക്കൊപ്പം ശ്രീ: അർജ്ജുൻ നമ്പൂതിരി (കൈനിക്കര ശ്രീമന) ശ്രീമതി അനഘ(ഇടമന ഇല്ലം)ശ്രീ വാസുദേവ്(ഏലംകുളത്ത് ഇല്ലം) എന്നിവരും സർവീസിൽ നിന്നും വിരമിച്ച ശ്രീ നാരായണൻ നമ്പൂതിരിപ്പാട് (മാങ്ങോട്ടശ്ശേരി മന), ശ്രീ  നാരായണൻ നമ്പൂതിരി (പുതുക്കുളത്ത് ഇല്ലം), ശ്രീ. കൃഷ്ണശർമ്മ(പെരുമ്പോഴിപ്പുറത്ത് ഇല്ലം), ശ്രീ: M.N.G. ഇളയത്(മുല്ലക്കേരിൽ ഇല്ലം), ശ്രീ. P.K.S Namboothiri (പനമ്പാപ്പള്ളി ഇല്ലം) എന്നിവരെയും MBS പ്രത്യേകം അനുമോദിക്കുന്നു. ഭാരതത്തിന്റെ വിജയ പതാക കൂടുതൽ ഉയരങ്ങളിൽ പാറിപ്പറപ്പിക്കാൻ നിങ്ങൾക്കുകഴിയട്ടെ എന്ന് ജഗദീശ്വരനോടു പ്രാർത്ഥിയ്ക്കുന്നു.

MALAYALA BRAHMANA SAMAJAM (MBS) K 593/99 H.O. Kottayam

സ്നേഹപൂർവ്വം

കെ. ശ്രീവത്സലൻ നമ്പൂതിരി

ജനറൽ സെക്രട്ടറി


ഹെഡ് ഓഫീസ്, പടിഞ്ഞാറെ നട, തിരുനക്കര, കോട്ടയം - 686 001
Ph: 0481 2301168, Mob: 094957 34959
Email: admin@mbskerala.in




ഇവരെ വണങ്ങുക, ഇവരാണ് നാടിനെ-
ചന്ദ്രനിലെത്തിച്ച നഭസ്തുല്യ ബുദ്ധികൾ

# ഐകമത്യസൂക്തം

സമാഹർത്താവ്-
എം. വി. സനാതനൻ നമ്പൂതിരി
മാമ്പറ്റ കൊട്ടാരം, ഓതറ ഈസ്റ്റ്,
തിരുവല്ല-689546ഫോൺ:9447114313

**1. 'സംസമിദ്യുവസേവൃഷന്നഗ്നേ
വിശ്വാ ന്യര്യ ആ ഇളസ്പദേ
സമിദ്ധ്യസേസനോവ സൂന്യാ ഭര'**

അല്ലയോ അഭീഷ്ടദാതാവായ അഗ്നേ, അങ്ങ് എല്ലാവരുടെയും ഈശ്വരനാണ്. അങ്ങു തന്നെയാണ് എല്ലാ വസ്തുക്കളിലും വൈശ്വാനരരൂപത്തിൽ വ്യാപിച്ചു കിടക്കുന്നത്. അത്രയുമല്ല, യാഗങ്ങളിൽ ഉത്തരവേദിയാൽ ഭവാൻ ജ്വാലാമാലാ വിഭൂഷിതനായി പ്രശോഭിക്കുന്നു. അപ്രകാരം ഇരിയ്ക്കുന്ന അങ്ങ് ഞങ്ങൾക്ക് ധനം മുതലായ ഉപഭോജ്യവസ്തുക്കൾ പ്രദാനം ചെയ്യേണമേ.

**2.'സംഗച്ഛധ്വം സംവദധ്വം
സംവോമനാംസി ജാനതാം
ദേവാഭാഗം യഥാപൂർവ്വേ
സംജാനാനാ ഉപാസതേ'**

അല്ലയോ ഉപാസകൻമാരേ, നിങ്ങൾ പരസ്പരവൈരം പരിത്യജിച്ച് ഒരുമിച്ച് സമ്മേളിക്കുകയും, അപ്രകാരം സമ്മേളിച്ച് സൗഹൃദത്തോടുകൂടി സല്ലപിക്കുകയും ചെയ്യണം. നിങ്ങളുടെ മനസ്സ് സകല വിരോധങ്ങളും കളഞ്ഞ് ഏകവിധമായ ചിന്തകളിൽ പരിതിഷ്ഠിതമായിത്തീരട്ടെ. പണ്ട് ദേവൻമാർ എപ്രകാരമാണോ വൈരവിമുക്തന്മാരായി ഐകമത്യത്തോടു കൂടി തങ്ങളുടെ ഹവിർഭാഗത്തെ സ്വീകരിച്ചത് അപ്രകാരം നിങ്ങളും വൈമത്യത്തെ (അനിഷ്ടത്തെ) പരിത്യജിച്ച് ഏകമനസ്സോടുകൂടി യജ്ഞഫലങ്ങൾ കൂട്ടായി അനുഭവിച്ചാലും.

**3. 'സമാനോ മന്ത്രസ്സമിതിസ്സമാനീ
സമാനം മനസ്സഹചിത്തമേഷാം
സമാനം മന്ത്രമഭിമന്ത്രയേ വ:
സമാനേന വോ ഹവിഷാജുഹോമി'**

ഈ ഋക്കിന്റെ പൂർവ്വാർദ്ധം കൊണ്ട് പരോക്ഷമായും അപരാർദ്ധം കൊണ്ട് പ്രത്യക്ഷമായും ഐകമത്യം ആശംസിക്കുന്നു. ഈ കർമ്മത്തിൽ പങ്കുകൊള്ളുന്ന സ്തോതാക്കളുടെ (സ്തുതിക്കുന്നവർ-സ്തോതാക്കൾ) മന്ത്രവും, സത്സംഗവും അഥവാ കൂട്ടായ്മയും, മനസ്സും, ചിത്തവും സമാനരൂപങ്ങളായി- ഭവിക്കട്ടെ.

ഈ മന്ത്രം ജപിക്കുന്നവരുടെ വാക്കും, പ്രവൃത്തിയും മനോവ്യാപാരവും, ജ്ഞാനവും ഏകരൂപമായിത്തീരട്ടെ. നിങ്ങളുടെ ഇടയിൽ ഐക മത്യം ഉണ്ടാവാൻ ഉതകുന്ന സമാനമായ ഹവിസ്സിനെ ഞാൻ ഇതാ ഹോമിയ്ക്കുന്നു.

**4. 'സമാനീവ ആകൂതി
സ്സമാനാ ഹൃദയാനിവ:
സമാനമസ്തു വോ
മനോ യഥാവസ്സു സഹാസതി'**

ഹേ ഋത്വിക്കുകളേ, യജമാനൻമാരേ, നിങ്ങളുടെ ആകൂതിയും(സ്വരൂപവും), ഹൃദയങ്ങളും, മനസ്സും സമാനങ്ങളായിത്തീരട്ടെ. ആകൂതി എന്നാൽ ആശയം അല്ലെങ്കിൽ ആഗ്രഹം. അതുപോലെ നിങ്ങളുടെ സഹയോഗം എപ്രകാരമായാൽ ശോഭനമാകുമോ അപ്രകാരം ശുഭമായി ഭവിക്കുകയും ചെയ്യട്ടെ.

'ഐകമത്യം ഭവേദേഷാം
ബ്രാഹ്മണാനാം മനീഷിണാം
നിർവ്വൈരതാ ച ജായേത
സംവാദാഗ്നി: പ്രസീദതു
ഓം ശാന്തി: ശാന്തി: ശാന്തി:
ഹരി: ഓം... തത്സത്'

മനീഷികളായ ബ്രാഹ്മണർ ഐകമത്യം ഉള്ളവരായി ഭവിയ്ക്കട്ടെ. വിദ്വേഷബുദ്ധി വെടിഞ്ഞ് കൂട്ടായ്മയാകുന്ന അഗ്നി പ്രോജ്ജ്വലിക്കട്ടെ. പ്രസാദിക്കട്ടെ.

ആധിഭൗതികവും ആധിദൈവികവും ആധ്യാത്മികവുമായ ശാന്തി കൈവരട്ടെ.
ശുഭമസ്തു



**തൈക്കാട്ടുശ്ശേരി ശാഖാ ഓണാഘോഷം
കേന്ദ്ര ജനറൽ സെക്രട്ടറി
ശ്രീവത്സലൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു.**



ഒരുമിച്ച് നിന്നാൽ ഒരു കുന്ന് നേടാം

# ദശാവതാര കീർത്തനം

വലിയകുന്നം ഹരികുമാരൻ നമ്പൂതിരി
9495016705

ശ്രീ മഹാഗണനാഥനും തെളിവോടു ഭാരതി ദേവിയും
നന്മയാർന്ന ഗുരുക്കളും തുണയേകുവാൻ കനിയേണമേ
ലോക പാലന തൽപരൻ ഹരി ലോക ദുഃഖമ കറ്റുവാൻ
വന്നു പത്തവതാരമാർന്നതു ഭക്തിയോട് ജപിക്കനാം

മത്സ്യമായ് മുനി തർപ്പണത്തിനെടുത്ത വാരിയിൽവന്നു നീ
വേദഹാരി ഹയാസുരന്ന രിയായി വന്നു പിറന്നഹോ
നാലു വേദമടക്കി ലോക മൊടുക്കുവാനുയിർ കൊണ്ടൊരാ
ദൈത്യ വീരനെ നിഗ്രഹിച്ചുലക ത്തിനിണ്ടലകറ്റി നീ

പണ്ടു ദൈത്യ സുരാദി പാൽ കടലിമ്പമായി മഥിച്ച തും
വൻപെഴുന്നൊരു മന്ദരം ജലധിക്കകത്തു മറഞ്ഞതും
കണ്ടു കച്ഛപരൂപമായ വതാരമാണ്ടൊരു മാധവ
മാലുമാറ്റിയനുഗ്രഹിക്കുക മാധവാ മമ ദൈവമേ

ആ ഹിരണ്യ മഹാസുരൻ ഭുവിമണ്ഡലങ്ങൾ പൊടിക്കവേ
സൂകരാകൃതിയായവന്റെ ശിരസു തച്ചു തകർത്തു നീ
പുഷ്ടമാകിയ ദംഷ്ട്ര കൊണ്ടവനീതലത്തെ യുർത്തിയോ
രിഷ്ടനായൊരു ദേവദേവ മുകുന്ദമാധവ പാഹിമാം

പാരിലൊക്കെ അതീവ കഷ്ടത ചെയ്ത കശിപു ഭയങ്കരൻ
പുത്രനാം പ്രഹളാദനെ കൊലചെയ്‌വതിന്നു തുനിഞ്ഞുടൻ
ഘോരമാം നരസിംഹരൂപമെടുത്തു ദുഷ്ടനു നിഗ്രഹം
നൽകിയാ പ്രഹ്ളാദനെ  പരിരക്ഷ ചെയ്തു പരാൽപരൻ

ലോകമേകസുശാസനത്തിലെടുത്തോരാ ബലിമന്നവൻ
യാഗമോന്നു കഴിച്ചു ദക്ഷിണ ചെയ്യുമെന്ന് നിനക്കവേ
ശുദ്ധനാം വടുവായി വന്നു മഹത്വമേറിയ ദക്ഷിണ
വാങ്ങി വിഷ്ണു പദത്തിലാക്കി ബലിക്കനുഗ്രഹമേകിനീ

വീരഭാർഗ്ഗവരാമനായ അവനീതലത്തിലുദിച്ച നീ
ക്ഷത്രിയാന്തകനായി മാറിയരിഞ്ഞു ബാഹു സഹസ്രനെ
ദുഷ്ട ബാഹുജ വംശമൊ ക്കെയൊടുക്കി ഭൂതല മൊക്കെയും
കാശ്യപാതികളായവർക്കതിമോദമോട് കൊടുത്തു നീ

രണ്ടു രാമനൊരിക്കലും ഭൂമി വാഴുകില്ല നിനച്ചുടൻ
ശക്തമായ തപോബലം ശ്രീരാമനങ്ങു കൊടുത്ത ഹോ
വൻ പെഴുന്ന നിശാചരാധിപരായ രാവണനും
തഥാ കുംഭകർണ്ണനുമമ്പിനാൽ ഗതി നൽകി രാഘവനൽഭുതം

ആദിശേഷ ഫണീ ശനാകിയ ലക്ഷ്മണൻ തവ സോദരൻ
കൃഷ്ണപൂർവ്വജനായ് ഹലായുധനായി വന്നവതാരമായ്
കൃഷ്ണപാലനമെന്ന നിഷ്ഠയെടുത്തോ രാബലവീരനോ
രേവതീപതിയായി ധർമഗതിക്കു രക്ഷകനായവൻ



## മഹാബലി

തിരുമേനി കൈതാരം

ഓണാഘോഷത്തിന്റെ ആരവം ഉച്ചസ്ഥായിയിലെത്തി. കടകമ്പോളങ്ങളിലും ക്ലബ്ബുകളിലും 'മാവേലി' യുടെ ചിത്രങ്ങളും കട്ട് - ഔട്ടുകളും നിറഞ്ഞു. ഈ ചിത്രങ്ങളും കട്ട് ഔട്ടുകളും കാണുമ്പോൾ സത്യം പറഞ്ഞാൽ സങ്കടം വരാറുണ്ട്. കാരണം ഇത്രയും കോമാളിയായ ഒരു രൂപമായിരുന്നോ സമ്പൽസമൃദ്ധിയോടെ എല്ലാ പ്രജകളെയും ഒരു പോലെ പരിപാലിച്ചിരുന്ന അസുര ചക്രവർത്തിയായ മഹാബലിയുടെത്.? ഏതോ വികടനായ ഒരാളുടെ തലയിലുദിച്ച മാർക്കറ്റിങ് തന്ത്രമാണ് കുടവയറുമായി ഇളിച്ചു കൊണ്ട് നിൽക്കുന്ന മാവേലി, മറ്റേതെങ്കിലും ഒരു മതത്തിലെ ഒരു മഹത് വ്യക്തിയേയാണ് ഇത്തരത്തിൽ വികൃതമായി അവതരിപ്പിച്ച തെങ്കിലുള്ള അവസ്ഥ ആലോചിച്ചിട്ടുണ്ടോ?



ഇന്നലെ ചെയ്തോരബദ്ധം
മൂഢർക്കിന്നത്തെയാചാരമാകാം

കംസ നഷ്ടകനായി വന്നവതാരമാർന്നോരു കേശവ
ശിഷ്ട രക്ഷകനായി നീ പരിചോടു കാക്കുക ഞങ്ങളെ
കൃഷ്ണനായ വനീതലത്തിലണഞ്ഞ ബാലക പാഹിമാം
നന്ദഗോപക നന്ദനാ പരിപാലയാശു കൃപാലയ

ദുഷ്ടമാം കലിയെത്തി മാനവരൊക്കെ യ ത്തലിൽ മുങ്ങവേ
വിഷ്ടപാധിപനായ നീയിഹ ധർമ്മ ശക്തിയുണർത്തുവാൻ
ഖൽഗമേന്തി കലിക്കു മാരകനാശമൊക്കെ വരുത്തി നീ
കൽക്കിയായ വതാരമാർന്നിടുമെന്നു കേട്ടു നമിപ്പു ഞാൻ

ഉത്തമാകൃതി പൂണ്ടകൃഷ്ണ വിശേഷ മോദിയ കീർത്തനം
ഭക്തിയോട് ജപിക്കിലിന്നു സമസ്ത ദുഃഖ വിനാശനം
മാധവാർപ്പണമായി നല്ല വിശേഷമോടിത് ചൊല്ലുകിൽ
ശ്രീസരസ്വതി നാവിലും വിളയാടിടും ഗതസംശയം
പാദം:
കൃഷ്ണ കൃഷ്ണ മുകുന്ദ മാധവ
വാസുദേവ ജഗത്പതെ
ബാലഗോപാകിശോര കേശവ
വാസുദേവ നമോസ്തുതേ

മതേതര ലേബലും താങ്ങി നടക്കുന്ന ഹിന്ദുക്കൾ നമ്മുടെ പുരാണത്തിലെ ഒരു മഹാപുരുഷനെ ഇത്രയധികം അപമാനിച്ച് വികൃതമാക്കിയിട്ടും 'കമാ' എന്നൊരക്ഷരം മിണ്ടിയില്ല എന്നു മാത്രമല്ല ആ വികൃതരൂപത്തെ താങ്ങി നടക്കുന്നതും നമ്മൾ തന്നെ. ഇനിയെങ്കിലും നമ്മൾ ചിന്തിക്കണം! മഹാബലി എന്ന മാവേലി ഇത്ര കോമാളിയാണോ? (രാജാ രവിവർമ്മ വരച്ച പ്രൗഢഗംഭീരനായ മഹാബലി ചക്രവർത്തിയുടെ ചിത്രം ഇതോടൊപ്പം!) ഇനി കുടവയറ നായ കോമാളിയല്ല നമ്മുടെ മാവേലി , പ്രൗഢഗംഭീരനായ അസുര ചക്രവർത്തിയായ മഹാബലി ഇതാണ് .

# പ്രണയം

**സൗമ്യ, പുതുമന ഇല്ലം**

പൂവല്ല പുഞ്ചിരി പൊഴിച്ചതെന്നുള്ളിലേ–
ക്കാഞ്ഞൊന്നടുത്ത നിൻ സ്മരണ ദീപ്തം
ഹൃദ്യമായന്നെന്റെ ഉൾത്താർ തുടിപ്പിച്ച
മധുരമാം നിനദമോ നിന്റെ സ്വന്തം!

എവിടെത്തിരിഞ്ഞാലുമണയാത്ത ദീപമാ–
യുടനെന്റെ കൺമുന്നിലണയുമാസ്യം
പറയുവാൻ മടിയില്ല, കൂവളപ്പൂമിഴിക–
ളുരുമയായ് വിലസിടും നിന്റെ മാത്രം!

പറയാതെ മറയുന്നതാണെന്നുമേറ്റവും
പ്രിയമുള്ള യാതൊന്നിൻ പരമഭാവം
പ്രിയമായതൊന്നിനെ പിന്തുടർന്നെത്തി ത–
ന്നരികത്തു നിൽക്കയാണിവനു ശീലം

ഇനിയെന്റെ സാന്നിദ്ധ്യമപരാധമെങ്കിലോ
പറയുവാൻ കാക്കേണ്ടതില്ല നേരം
മുഖഭാവമൊന്നു കൊണ്ടറിയാവുനിന്നിടം,
അരികത്തു നിൽക്കാതെ മറയത്തു പോം!

## ശാഖാ ഭാരവാഹികൾ

### രാമപുരം ശാഖ



പ്രസിഡന്റ്
**കൃഷ്ണപ്രശാന്ത്**
തോട്ടത്തിൽ ഇല്ലം, 9447208284



സെക്രട്ടറി
**അനിൽകുമാർ**
കുരുവിനാനിക്കൽ ഇല്ലം, 8943941271



ട്രഷറർ
**ഹരികൃഷ്ണൻ**
വടക്കേൽ ഇല്ലം, 8848543305

### കോത്തല ശാഖ



പ്രസിഡന്റ്
**റ്റി.വി.നാരായണ ശർമ്മ**
താമരശ്ശേരി ഇല്ലം,95623 56959



സെക്രട്ടറി
**സോമശർമ്മ**
വെങ്ങല്ലൂർ ഇല്ലം, 99464 34352



ട്രഷറർ
**പുരുഷോത്തമ ശർമ്മ**
കോമന്നൂർ ഇല്ലം, 94471 42702

# ഋതു സന്ദേശം (ഓണമഹിമ)

കെ.എൻ. നമ്പൂതിരി
നെടുവേലി ഇല്ലം, ചങ്ങനാശ്ശേരി
94975 78380

ചിങ്ങമണഞ്ഞു കേരളനാട്ടിൽ
പൊന്നോണപ്രഭ നിറയുകയായ്.
മുറ്റം തോറും പലനിറമലരുകൾ
സമ ഭാവനയുടെ ചിരി വിതറി.
ഓണക്കോടികൾ ഓണക്കേളികൾ
ഒരു നവമോദമുണർത്തുന്നു.
ഓണപ്പാട്ടുകൾ ഓണസ്സദ്യകൾ
ഉത്സവ മഹിമ രചിക്കുന്നു.
തിൻമയൊടുക്കി നൻമ പുലർത്തി
തിരുവോണസ്മൃതി പുണരുന്നു.
കൂട്ടുകുടുംബ ധന്യത വീണ്ടും
ഓണ ദിനങ്ങൾ ഇണക്കുന്നു.
ഹൃദയൈക്യത്തിൻ പൂവിളിയെങ്ങും
ഓണപ്പുലരികൾ ഓതുന്നു.
ഒരുമയിൽ ഇവിടൊരു മതേതരത്വം
ഓണ കൈരളി വാഴ്ത്തുന്നു.
പൂത്തിരികത്തിച്ചോണ നിലാവും
പഴയൊരു കഥയിൽ രമിക്കുന്നു.
ഒരു നവ ശോഭയിൽ ഈ മലനാടോ
സ്വർഗ്ഗം ഭൂവിൽ രചിക്കുന്നു.
മാനവർ പ്രാണികൾ കിളികൾപോലും
ഓണത്തപ്പനെ നമിക്കുന്നു.
കായ്കനി വിളവുകൾ ഓണത്തെ
വരവേൽക്കാൻ വഴിമെനയുന്നു.
മാബലി വാമനചരിതം വീണ്ടും
മാലോകർക്കായ് തെളിയുന്നു.
ഭക്തി വിഭക്തികൾ സമ്മേളിച്ചൊരു
ഋതുസന്ദേശം ഒരുക്കുന്നു...

## ഖേദപൂർവ്വം...

മുൻലക്കത്തിൽ സന്ദേശകാവ്യം എന്ന ശ്രീ കെ.എൻ.നെടുവേലിയുടെ കവിതയിൽ പല ഭാഗങ്ങളിലും സന്ദേശം എന്നതിന് പകരം ...സന്ദേകം... എന്നാണ് അച്ചടിച്ച് വന്നത്. കമ്പ്യൂട്ടർ സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറുകൊണ്ട് ഞങ്ങളുടെ നിയന്ത്രണത്തിനതീതമായ കാരണങ്ങൾക്കൊണ്ടാണ് ഈ തെറ്റ് പറ്റിയത്. അതിൽ ബ്രഹ്മശ്രീ നിർവ്യാജം ഖേദിക്കുന്നു.

## സമസ്യാപൂരണം

വിളിക്കു നാടുവാഴുവാൻ മഹീന്ദ്രനായൊരാളെ നാം
ഒളിഞ്ഞ ധർമ്മ ചെയ്തികൾക്കതീതനാത്മ വീര്യവാൻ
തെളിഞ്ഞ ചിത്തശുദ്ധിയാൽ ജനങ്ങളോട് ചൊന്നിടും;
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**വി. എൻ. വാസുദേവൻ ഇളയത്, വാളമറ്റത്തില്ലം, ഇഞ്ചൂർ**

ഇരുട്ടുതന്നെ മുന്നിലാകെ നോക്കിയാൽ ഭയാനകം,
കരുത്തു നേടി മുന്നിലേയ്ക്കു പോകുവാൻ ശ്രമിയ്ക്ക നാം
തളർന്നു നമ്മൾ വീണിടാതെ ലക്ഷ്യമെത്തി നിൽക്കുവാൻ
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**അപ്പു കരിയ്ക്കാട്, കരിയ്ക്കാട്ടില്ലം, ചേർത്തല**

തെളിഞ്ഞു കാഴ്ചകൾക്കകം തികഞ്ഞറിഞ്ഞു കാണുവാൻ
'വെളിച്ച'മൊന്നുമാത്രമാണനാരതം ലസിക്കുവാൻ
ജളത്വ മാമനാര്യഭാവനാശനം, മനസ്സിലായ്
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**രാജീവ് പി. പാണാട്ടില്ലം, ആലുവ**

ബ്രഹ്മസൂത്രമിട്ട് ഞാൻ കുളിച്ചിടുന്ന വേളയിൽ
കുളിച്ചു തർപ്പണത്തിനായി വെള്ളമങ്ങെടുക്കവേ
മനസ്സിനുള്ളിലുള്ള പാപമോചനത്തിനായിതാ
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**മോഹൻകുമാർ, ഏറത്തുരിത്തിലില്ലം, ആണ്ടൂർ**

വളർന്ന വർഗ്ഗ ചിന്തായാലെ പോരിലായി ലോകരും
നിറഞ്ഞുവല്ലോ പേടിതോന്നുമന്ധകാരമെങ്ങുമേ
ജ്വലിച്ച ദ്വേഷചിന്തയേ വെടിഞ്ഞു മാനവത്വമാം
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**വി.എൻ. ദിവാകരൻ, വെള്ളിയെപ്പിള്ളിലില്ലം, ആണ്ടൂർ**

വെളിച്ചവും മറഞ്ഞു മെല്ലെ ഭാനുമാൻ പിരിഞ്ഞുപോയ്
തെളിഞ്ഞു വന്നു താരകങ്ങളംബരേ മനോഹരം
ഇളക്കമറ്റു ചുറ്റിലും, നിചോളിതം ത്രിസന്ധ്യയും
'വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ '
**ഹരികുമാർ , പാണാട്ടില്ലം, കുറിച്ചിത്താനം**

**സമസ്യാകാരിയുടെ പൂരണം**
ഒളിച്ചിടേണ്ട നീ പ്രിയേ മനം നിറഞ്ഞു നിൽക്കുമീ
തിളക്കമാർന്ന രൂപമാണുറച്ചു പോയതെങ്കിലും
വെളിച്ച മറ്റു പോയൊരെന്റെ ജീവിതത്തിൽ സ്നേഹമാം
വിളക്കു ഞാൻ തെളിച്ചിടുന്നിരുട്ടു ദൂരെ മാറുവാൻ
**ഗിരിജ എൻ.നമ്പൂതിരി, വടുതലായിൽ ഇല്ലം കുടക്കച്ചിറ**

**അടുത്ത സമസ്യ**
**'സ്വീകരിച്ചു സഹായമേകിയനുഗ്രഹിച്ചു കലാധരൻ '**
**വൃത്തം : പഞ്ചചാമരം**
**ലക്ഷണം : ജരം ജരം ജഗം നിരന്നു പഞ്ചചാമരം വരും**
**(ലഗം ലഗം നിരന്നു പത്തുമാറു പഞ്ചചാമരം)**

# ശ്രീ ആർ കെ ദാമോദരൻ

വി.എൻ.റ്റി. നമ്പൂതിരി,
പ്രയാഗ തൃപ്പൂണിത്തുറ
9447566168

രവിവർമ്മചിത്രത്തിൻ രതിഭാവം കാവ്യഭംഗിയിൽ
മലയാളിക്ക് പകർന്നുനൽകിയ കലാകാരൻ സപ്തതിയുടെ നിറവിൽ

കവിയും പ്രശസ്ത സംഗീതജ്ഞനും ഗാന രചയിതാവും ആയ ശ്രീ ആർ കെ ദാമോദരന്റെ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം. MBS എറണാകുളം ശാഖയുടെ നവവൽസരാഘോഷങ്ങൾ ഉത്ഘാടനം ചെയ്തത് ശ്രീ ആർ കെ ദാമോദരൻ ആയിരുന്നു. അന്നു സദസിൽ വച്ച് അദ്ദേഹം എഴുതിയ രണ്ടു ഗാനങ്ങൾ ഹരിയും ഉണ്ണികൃഷ്ണനും ആലപിക്കുകയുണ്ടായി.

അന്ന് അദ്ദേഹത്തിന് നൽകിയ ബ്രഹ്മശ്രീയുടെ കോപ്പി, വായിച്ച ശേഷം നമ്മുടെ മാസികയെപ്പറ്റി വളരെ നല്ല അഭിപ്രായം പറഞ്ഞു. അതിനു ശേഷവും ബ്രഹ്മശ്രീയുടെ ലക്കങ്ങൾ വായിച്ച ശേഷവും ലേഖനങ്ങളെ വളരെ പ്രശംസിക്കുകയും നല്ല നല്ല ഉപദേശങ്ങൾ നൽകുകയും ചെയ്തു പാലക്കാട് ജില്ലയിലെ മഞ്ഞപ്ര എന്ന സ്ഥലത്താണ് ജനനം. സംഗീത പാരമ്പര്യമുള്ള കുടുംബമായിരുന്നു. അച്ഛൻ ദാമോദരൻ നായരും, ശ്ലോകങ്ങൾ എഴുതിയിരുന്നു. ഇദ്ദേഹം പഠിച്ചതും വളർന്നതും എറണാകുളത്തായിരുന്നു. പ്രൊഫ ലീലാവതി ടീച്ചർ, പ്രൊഫ M കൃഷ്ണൻനായർ, പ്രൊഫ. എം കെ സാനുമാഷ് എല്ലാവരും ഉള്ളപ്പോൾ മലയാളം ഡിപ്പാർട്ട്മെന്റിൽ നിന്ന് ബി എ പാസ്സായി.

ലീലാവതി ടീച്ചറാണ് വ്യാകരണം ക്ലാസ്സെടുത്തത്. മാതൃഭൂമി പ്രൂഫ് റീഡർ ആയി ജോലിക്ക് പ്രവേശിച്ചു. കൃഷ്ണൻ നായർ സാറിന്റെ നോട്ടുകൾ ഭാഷയും വാക്യങ്ങളും ശുദ്ധീകരിക്കാൻ സഹായിച്ചു. എഴുത്തിനെയും സർഗാത്മകതയെയും പ്രോൽസാഹനം നൽകി സഹായിച്ചു എന്നു അദ്ദേഹം പറയുന്നു.

2013-ൽ കേരള സംഗീത നാടക അക്കാദമി അവാർഡ് നേടിയിട്ടുണ്ട്. കവിതക്കുള്ള കുഞ്ഞുണ്ണിമാസ്റ്റർ പുരസ്കാരം, ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട് സ്മാരക പുരസ്കാരം എന്നിവ ചിലതു മാത്രം .



നൂറിലധികം സിനിമകൾക്ക് ഗാനങ്ങൾ രചിച്ചിട്ടുണ്ട്. രവിവർമ്മ ചിത്രത്തിൻ രതിഭാവമോ, മഞ്ഞിൽ ചേക്കേറും, തനി തങ്കക്കിനാപൊങ്കൽ, താളം തെറ്റിയ താരാട്ട് എന്നിവ പ്രശസ്തമായവയാണ്. സിനിമ, നാടക, ഭക്തിഗാനങ്ങളായി 3500ൽ അധികം ഗാനങ്ങൾ രചിച്ചു. സംസ്കൃതത്തിലും കവിത രചിച്ചിട്ടുണ്ട്. അധുനാതനം, കഥാരാഘവീയം, എന്നീ രണ്ടു കാവ്യസമാഹാരങ്ങൾ രചിച്ചിട്ടുണ്ട്. സപ്തതിയുടെ നിറവിൽ നിൽക്കുന്ന ഈ കാവ്യകലാചക്രവർത്തിക്ക് ബ്രഹ്മശ്രീയുടെ എല്ലാ നന്മകളും ആയുരാരോഗ്യവും ആശംസിക്കുന്നു

**സ്വാമിയാം രവിയെ നോക്കി നിൽക്കുമെൻ –**
**താമരേ തരളവായുവേറ്റു നീ**
**ആമയം തടവിടായ്ക, തൽക്കര –**
**സ്തോമമുണ്ട് തിരിയുന്ന ദിക്കിലും**

**സന്തതം മിഹിരനാത്മശോഭയും**
**സ്വന്തമാം മധു കൊതിച്ച വണ്ടിനും**
**ചന്തമാർന്നരുളി നിൽക്കുമോമലേ,**
**ഹന്ത! ധന്യമിഹ നിന്റെ ജീവിതം**
**– കുമാരനാശാൻ**



ഗാനത്തിന്റെ ലഹരിയിലെന്നിലേ
ഞാനലിഞ്ഞലിഞ്ഞില്ലാതെയാവട്ടെ

# രാക്കുളിക്കാരുടെ കുളം

അഡ്വ.വിജി. വി നമ്പൂതിരി
ഇടമന പുത്തൻപുരയിൽ ഇല്ലം,
കോഴിപ്പള്ളി, 8921680615

ഓർമ്മയുടെ പൂക്കൾ വാടിയെങ്കിലും നല്ല വാസനയുണ്ട് ഇപ്പോഴും. ബാല്യത്തിന്റെ ചുവരിൽ ഞാനെഴുതിക്കൊണ്ടേയിരിക്കുന്നു......

കൗമാര യൗവ്വനങ്ങൾ തിരസ്ക്കരിച്ചുകൊണ്ട് രാപ്പകലില്ലാതെ പ്രേതങ്ങൾ ചുറ്റിത്തിരിയുന്ന ഇല്ലപ്പറമ്പുകളിൽ തഴച്ചുവളർന്ന ബാല്യം! കാവിൽക്കുളത്തിലും ഇല്ലക്കുളത്തിലും നീന്തി നിവർന്ന ബാല്യം! ഇല്ലക്കുളത്തിനുള്ളിലുണ്ടെന്ന് വിശ്വസിച്ചിരുന്ന (വിശ്വാസങ്ങളെ ബലി നൽകുവാൻ ഞാനൊരുക്കമല്ല ഒരിയ്ക്കലും) നിലയില്ലാക്കിണറിനുള്ളിൽ പെട്ടുപോകാതെ നീന്തിരസിയ്ക്കുവാൻ പ്രാപ്തിയുള്ളവരായിരുന്നു ഞാനും ഏട്ടന്മാരും. മുങ്ങാംകുഴിയിടുന്നതിനിടയിൽ കണ്ണുതുറന്ന് ഇരുട്ടുകനക്കും നീരകങ്ങളിലേക്കും, പിന്നെ മുങ്ങി നിവർന്ന് മുകളിലെ സൂര്യവെളിച്ചത്തിലേക്കും നോക്കുന്നത് ഒരു രസമുള്ള വിദ്യയായിരുന്നു. കുറച്ചുകൂടി മുതിർന്നപ്പോൾ ഞാനൊറ്റയ്ക്കായി കുളിയും നീന്തലും. കിണറുണ്ടെന്ന് കരുതപ്പെട്ടിരുന്ന വടക്കു കിഴക്കെ മൂല ഒഴിവാക്കി ചിലപ്പോൾ അത്യധികം ഇഷ്ടത്തോടെയും ചിലപ്പോൾ വരണ്ടുണങ്ങിയ നിസ്സംഗതയോടെയും ഞാൻ നീന്തിക്കയറി.

കുളമൊരു വിഹ്വലതയായിരുന്നു എനിക്കെന്നും ..... ആഴങ്ങളിൽ നിന്നും തിളങ്ങുന്ന കണ്ണുകൾ എന്നെ വീക്ഷിക്കുന്നു എന്ന് എനിക്ക് വിശ്വസിക്കാതെ തരമില്ലായിരുന്നു ..... പടിഞ്ഞാറെ ഇല്ലപ്പറമ്പിൽ നിഗൂഢതയുടെ ഉൾക്കനവുമായി കുളം നീലിച്ചുകിടന്നു ...... തെക്കുകിഴക്കെകോണിൽ ഇല്ലിക്കൂട്ടം കുളത്തിലേക്ക് ചാഞ്ഞുനിന്ന് കുളികൾ കണ്ടുരസിച്ചു ...... അസാധാരണമായ ആഴത്തിൽ ആ വലിയകുളം കുളിക്കാരെ കാത്തുകിടക്കും ......

കുളക്കരയിൽ താമസിച്ചിരുന്ന ഔസേപ്പുമൂപ്പന്റെ മാടത്തിലിരുന്നാൽ കുളത്തിൽ ആളുണ്ടെന്ന് മനസ്സിലാവും. ജീവിച്ച് മതിയും കൊതിയും തീർന്ന് ചാര നിറത്തിലുള്ള കണ്ണുകൾ തുറന്നു പിടിച്ച് ആകാശവും മരത്തലപ്പുകളും മാത്രം കണ്ടുകൊണ്ട് ഔസേപ്പ് പള്ളിപ്പറമ്പിലേക്ക് യാത്ര പോയിരുന്നു.

ഔസേപ്പിനെക്കുറിച്ച് ഒന്നും ഓർക്കുവാനില്ലാത്തതുകൊണ്ട് ഭാര്യ ഏലി കുളത്തിലെ വെള്ളമിളകുന്ന ശബ്ദവും കാത്ത് മാടത്തിന്റെ ഇറയത്ത് കാലും നീട്ടിയിരുന്നു.

കുളത്തിന് ചില ദിവസങ്ങളിൽ ഒരു വന്യമുഖമാണ്. അങ്ങിനെയുള്ള ദിവസങ്ങളിൽ ഞാൻ കരയിൽ നിന്നു തന്നെ ഏലിയെ വിളിക്കും. തേരകത്തിൽ ചാരിനിന്ന് ചിരിക്കുന്ന ഏലിയുടെ ബലത്തിൽ ഞാൻ അറഞ്ഞ് നീന്തും.

''തന്നെ കുളിക്കാൻ വരുമ്പോ ഏലിയെ കണ്ടിട്ടേ എറങ്ങാവൊള്ളേ തമ്പ്രാട്ടിക്കുഞ്ഞേ'' ഏലിയുടെ വാക്കുകളിൽ നിഗൂഢത കരിനീലിച്ചു കിടന്നു. ''ഇന്നലെ പാതിരാ കഴിഞ്ഞപ്പള് ഭയങ്കര തുടീം കുളീമാരുന്നു!''ആര് എന്നുചോദിക്കുവാൻ ധൈര്യം വന്നില്ല. ''നേരം പെലകാലെയായപ്പഴാ ഞാനൊന്നൊറങ്ങീത്. കറിയായെ വിളിച്ചാലോന്നോർത്തതാ. പിന്നെ എന്തിനാ, അതുങ്ങള് കുളിച്ചേച്ചും പോട്ടേന്ന് വിചാരിച്ച് അങ്ങ് കെടന്നു''. അടുത്ത രണ്ട് ദിവസം നേരിയ പനിമൂലം ഞാൻ സ്കൂളിൽ പോയില്ല!

അതിനടുത്ത ദിവസം ഏലി മാത്രം പോരെന്ന് തോന്നിയിട്ട് ഏലിയുടെ മരുമകൾ അമ്മിണിയെക്കൂടി കാവൽ നിർത്തിയാണ് കുളിച്ചത്. അന്നാണ് അമ്മിണി എനിക്ക് മൃതസഞ്ജീവനി ഓതിത്തന്നത്. ''കുളിക്കാൻ വരുമ്പോൾ ഒരു കുറുന്തോട്ടി, വേരോടെ പറിച്ചോണ്ടുവന്ന് കുളത്തിലേക്ക് തിരിഞ്ഞുനിന്ന് കിഴക്കു പടിഞ്ഞാറ് ദിശയിൽ മൂന്ന് പ്രാവശ്യം ആട്ടിയിട്ട് കാറിത്തുപ്പണം. എന്നിട്ട് കുറുന്തോട്ടി കുളത്തിലേക്കിടണം, ഒരുത്തിയും അടുക്കേലാ.'' തുടർന്നുള്ള ദിവസങ്ങളിലെ എന്റെ രാവിലെകൾ കുറുന്തോട്ടി തേടിയുള്ള അലച്ചിലുകളാൽ ചടുലമായി. കുറുന്തോട്ടിക്കൊപ്പം ഏലിയും എന്റെ കുളികൾക്ക് കാവൽ നിന്നു.

ഏലിയ്ക്ക് പഞ്ചസാരയുടെ അസുഖം വരുത്തിയത് കുളത്തിലെ രാക്കുളിക്കാരാണെന്ന് ഞാനിപ്പഴും വിശ്വസിക്കുന്നു. പഞ്ചസാരയുടെ അസുഖമുള്ള ഏലിയെക്കൊണ്ട് ആരും കാണാതെ പഞ്ചസാര കട്ടു തിന്നാൻ പ്രേരിപ്പിച്ചതും അവർ തന്നെ!



രാവേറെയായിയിരുട്ടു പടർന്ന ഭൂവിൽ
ആവോളമാടിത്തിമിർപ്പു നിഗൂഢലോകം

തേരകത്തിൽ ചാരി നിന്ന് ചിരിച്ചിരുന്ന ഏലി നിലത്ത് പടിഞ്ഞിരുന്ന് കാവൽ നോക്കിത്തുടങ്ങി. ഏലിയുടെ മുഖം വിങ്ങി വീർത്തു വന്നു. ഒരു ദിവസം വിളിച്ചിട്ടും ഏലി വന്നില്ല. മുറുക്കിത്തുപ്പിക്കൊണ്ട് വന്ന അമ്മിണി, ഏലി കിടപ്പിലാണെന്ന് സാക്ഷ്യം പറഞ്ഞു. അതുകേട്ട് കുളമൊന്ന് ചിരിച്ചത് ഞാൻ മാത്രമേ കേട്ടുള്ളു. അന്ന് ഞാൻ കുളിക്കാതെ മടങ്ങി. പിന്നീടുള്ള ദിവസങ്ങളിൽ വീട്ടിൽത്തന്നെ കുളിച്ചുതോർത്തി.

ക്ലാസ്സില്ലാത്ത ഒരു ദിവസം ഞാൻ ഏലിയുടെ മുറ്റത്ത് ചെന്നു നിന്നു. അകത്തെ മുറിയിൽ ഒരു കുള്ളൻ കട്ടിലിൽ കിടക്കുന്ന ഏലിയെ ഇറയത്തിനു ചേർന്നുനിന്ന് ഞാൻ ഏന്തിവലിഞ്ഞ് കണ്ടു. ''തമ്പ്രാട്ടിക്കുഞ്ഞ് ഇല്ലത്ത് കുളിച്ചാമതി, തന്നെ കുളത്തിലേക്ക് വരണ്ടാട്ടോ''. ഏലി ദുർബ്ബലമായ ശബ്ദത്തിൽ കിടന്നുകൊണ്ടു തന്നെ പറഞ്ഞു. ഞാൻ തലയാട്ടി.
കുളക്കരയിലൂടെ തിരിച്ചു പോരുമ്പോൾ കുളമെന്നെ വിളിച്ചത്, സത്യം, ഞാനിപ്പഴാണ് പുറത്തു പറയുന്നത്!

തീരെ വയ്യാതെ കിടപ്പിലായിരുന്ന ഏലി ഏങ്ങനെ ഒരു കൊടും വേനൽക്കാലത്ത് കുളത്തിലെ ബ്രൗൺ നിറത്തിലായ ഇത്തിരി വെള്ളത്തിൽ മരിച്ചു കമിഴ്ന്നു കിടന്നു എന്ന് എനിക്കിന്നും അറിയില്ല. പിന്നീടൊരിക്കലും ഞാൻ ആ കുളത്തിൽ കുളിച്ചിട്ടില്ല. ഏലിയെ ധിക്കരിക്കുവാൻ എനിക്കിഷ്ടമായിരുന്നില്ല. ഇപ്പോഴും ആ കുളമവിടെയുണ്ട്. ഒന്ന് കാണുവാൻ തോന്നാറുണ്ട്. പക്ഷേ, കുളത്തിന്റെ വിളി, അത് കേട്ടില്ലെന്ന് നടിച്ച് മുന്നോട്ടു നടക്കുവാൻ കൗമാരത്തിലുണ്ടായിരുന്ന ആ കെൽപ്പ്, അതെനിക്ക് ഈ പ്രായത്തിലുണ്ട് എന്നെനിക്കുറപ്പില്ല!

## പ്രത്യേക അറിയിപ്പ്

ബ്രഹ്മശ്രീയിലേയ്ക്ക് രചനകളയ്ക്കുന്നവർ പരമാവധി ടൈപ്പ് ചെയ്ത് തെറ്റുതിരുത്തി അയക്കുവാൻ ശ്രമിക്കുക. പിഡിഎഫ്. ഫോർമാറ്റിൽ അല്ലാതെ ടെക്സ്റ്റ് (എഡിറ്റബിൾ) ഫോർമ്മാറ്റിൽ വേണം അയക്കേണ്ടത്. രചയിതാവിന്റെ മൊബൈൽ നമ്പർ നിർബന്ധമായും ഉൾപ്പെടുത്തണം

ചീഫ് എഡിറ്റർ

# ശ്രീകൃഷ്ണസ്തുതി

പുരുഷോത്തമശർമ്മ
താമരശേരിൽ ഇല്ലം മാലം

അമ്പാടിക്കണ്ണന്റെ ലീലാവിലാസങ്ങൾ
ആരാലും വർണ്ണിപ്പാനാവതാണോ
ഇക്കാണും ലോകത്തിനൂന്നായി നിൽക്കുന്ന
ഈശ്വരൻ തന്നെയാണീ മുകുന്ദൻ
ഉണ്മയെന്നോരുന്നതൊക്കെയും മായതൻ
ഊഴിയിൽ സത്യമീപ്പാദപത്മം
ഋഷിമാരും അജ്ഞരും
അഹാമില്ലാതാവുകിൽ
എനിക്കേറെപ്രിയരെന്നു ചൊന്നതങ്ങ്
ഏവർക്കുമാശ്രയം തേടിടാമിപ്പദം
ഐശ്വര്യം അത്ഭുതം പോലെയെത്തും
ഒറ്റത്തവണയാനാരായണനാമം
ഓർക്കാതെചൊന്നാരജാമിളനിൽ
ഔരസപുത്രനോടെന്നപോൽവാത്സല്യം
അംബുജലോചനനുണ്ടായില്ലേ
ആവോളം നാമം ജപിക്കുവാൻ ആയുസ്സും
അങ്ങല്ലാതാരുണ്ടു നൽകുവാനായ്

# ഒരു വർഷകാല സന്ധ്യ

വി എൻ വാസുദേവൻ ഇളയത്,
വാളമറ്റത്തില്ലം ഇഞ്ചൂർ, കോതമംഗലം.
94958 00950

സന്ധ്യയാം മനോഹരീ, നിന്റെ യാഗമം കണ്ടെ –
ന്നുൾ മനം നിറഞ്ഞാടി ത്തിമർക്കാനൊരുങ്ങുന്നു.
നിൻപാദ പത്മങ്ങൾ തൻ നിസ്വനം കാതോർത്തെന്റെ
മന്ദിരാങ്കണം കോരിത്തരിച്ചു പൊടുന്നനെ.
അന്ധകാരത്തിൻ മൂടൽ മഞ്ഞിനു മുന്നേ നിറ –
സൗന്ദര്യ സന്ധ്യേ നിന്റെ വരവെന്തൊരാഘോഷം!
മെല്ലവെ വാദ്യം കൊട്ടുമിടിനാദങ്ങൾക്കൊപ്പം
ഉല്ലാസനൃത്തം പോലെ മിന്നലിൻ കളിയാട്ടം.
അന്തി മേഘങ്ങൾ വർണ്ണക്കുടകൾ നിവർത്തുമ്പോൾ
മന്ദമാരുതകൈകൾ ചാമരം വീശുന്നല്ലോ.
ഹർഷഭാവേന വാനിൻ ചില്ലുമേടയിൽ നിന്നും
വർഷ പാതത്തിൻ ജല മുത്തുകൾ പൊഴിയുമ്പോൾ
മഞ്ഞയും ചോപ്പും ചേർന്ന നിൻ പ്രഭാപൂരത്താലീ –
മന്നിടം ചമയുന്നു മറ്റൊരു പൂരാവേശം!
ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം

കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച....

# വിഷ്ണുഭുജംഗം - 8

സി വി ശങ്കരൻ ചേലമറ്റത്തില്ലം

സ്വരൂപവർണ്ണനയുടെ ലക്ഷ്യം കൂടി പറഞ്ഞു കൊണ്ട് വർണ്ണന ഉപസംഹരിയ്ക്കുന്നു.

**സ്വഭക്തേഷു സന്ദർശിതാകാരമേവം**
**സദാ ഭാവയൻ സന്നിരുദ്ധേന്ദ്രിയാശ്വഃ**
**ദുരാപം നരോ യാതി സംസാരപാരം**
**പരസ്മൈ പരേഭ്യോപി തസ്മൈ നമസ്തേ**

സ്വഭക്ഷേഷു – തന്റെ ഭക്തന്മാർക്ക്

സന്ദർശിതാകാരം – ദർശിക്കാനുള്ള സ്വരൂപം

ഏവം – ഇപ്രകാരമാണ്

സദാ ഭാവയൻ – എല്ലായ്പ്പോഴും ധ്യാനിയ്ക്കുന്ന

എങ്ങനെയാണ് ധ്യാനിയ്ക്കുന്നത്?

സന്നിരുദ്ധേന്ദ്രിയാശ്വഃ – ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ നിയന്ത്രിച്ചുകൊണ്ട്

ആരാണ് ധ്യാനിയ്ക്കുന്നത്?

നരഃ – നരൻ മനുഷ്യൻ

ഏതു മനുഷ്യനും ഭഗവാനെ ധ്യാനിയ്ക്കാം. അങ്ങനെ ധ്യാനിയ്ക്കുന്ന മനുഷ്യന് എന്തു സംഭവിയ്ക്കും?

ദുരാപം – കടക്കുവാൻ ബുദ്ധിമുട്ടുള്ള

സംസാരപാരം – സംസാരസാഗരത്തിന്റെ അപ്പുറം

യാതി – എത്തിപ്പെടുന്നു

പരഃ – ഈശ്വരൻ

പരേഭ്യ അപി പരസ്മൈ – ഈശ്വരന്മാർക്കും ഈശ്വരനായ

തസ്മൈ നമസ്തേ – അങ്ങനെയുള്ള അങ്ങയ്ക്ക് നമസ്കാരം

ഇപ്രകാരം ഭക്തന്മാർ ദർശിയ്ക്കുന്ന ഭഗവത് രൂപത്തെ യാതൊരു മനുഷ്യൻ ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ എല്ലാം അടക്കി നിർത്തി ഭാവന ചെയ്യുന്നോ, ധ്യാനിയ്ക്കുന്നുവോ അവൻ മറുകര താണ്ടുവാൻ പ്രയാസമുള്ള ജീവിതമാകുന്ന സംസാരസാഗരത്തെ ബുദ്ധിമുട്ടില്ലാതെ കടക്കുന്നു. അങ്ങനെയുള്ള, ഈശ്വരന്മാർക്കും ഈശ്വരനായ അങ്ങയെ നമസ്കരിയ്ക്കുന്നു.

മഹായോഗപീഠത്തിൽ അലങ്കാരവിഭൂഷിതനായിരിക്കുന്ന ഭഗവാന്റെ അവസ്ഥയെപ്പറ്റി പറയുന്നു.

**ശ്രിയാ ശാതകുംഭദ്യുതി സ്നിഗ്ദ്ധകാന്ത്യാ**
**ധരണ്യാ ച ദൂർവ്വാദള ശ്യാമളാംഗ്യാ**
**കളത്രദ്വയേനാമുനാ തോഷിതായ**
**ത്രിലോകീ ഗൃഹസ്ഥായ വിഷ്ണോ നമസ്തേ**

ശ്രീ – മഹാലക്ഷ്മി, ശ്രിയാ – മഹാലക്ഷ്മിയാലും

എങ്ങനെയുള്ള മഹാലക്ഷ്മിയാണ്?

ശാതകുംഭദ്യുതി സ്നിഗ്ദ്ധ കാന്ത്യാ

കാന്തി – ശോഭ, സൗന്ദര്യം

സ്നിഗ്ദ്ധം – മിനുമിനുത്തത്, മൃദു

ദ്യുതി – തിളക്കം പ്രകാശം

ശാതകുംഭം – പൊന്ന്, സ്വർണ്ണം (ശതകുംഭ പർവ്വതത്തിലുണ്ടായത്)

സ്വർണ്ണപ്രഭാകാന്തിയുള്ള മഹാലക്ഷ്മി

ധരണ്യാ – ഭൂമീദേവിയാലും

എങ്ങനെയുള്ള ഭൂമീദേവിയാണ്?

ദൂർവ്വാദള ശ്യാമളാംഗ്യാ

ദുർവ്വ – കറുക, ദൂർവ്വാദളം – കറുകനാമ്പ്

ശ്യാമളം – ശ്യാമവർണ്ണത്തോടുകൂടിയ, ഇരുണ്ട പച്ച നിറത്തോടുകൂടിയ, ഭൂമി ഇന്നത്തേക്കാൾ green planet ആയിരുന്നല്ലോ പണ്ട്

കളത്രദ്വയേനാമുനാ – അമുനാ കളത്രദ്വയേനാ – ഈ രണ്ട് പത്നിമാരെക്കൊണ്ട്

തോഷിതായ – സന്തുഷ്ടനായ

ത്രിലോകീ ഗൃഹസ്ഥായ – ത്രിലോകങ്ങളിൽ വച്ച് ഏറ്റവും വലിയ ഗൃഹസ്ഥനായ, ത്രിലോകങ്ങളുടെയും ഗൃഹസ്ഥനായ, ത്രിലോകങ്ങളുടെയും ഗൃഹസ്ഥനായ

വിഷ്ണോ നമസ്തേ – വിഷ്ണുവേ അങ്ങയ്ക്ക് നമസ്കാരം

സ്വർണ്ണപ്രഭാകാന്തിയോടുകൂടിയ മഹാലക്ഷ്മി, ശ്യാമളാംഗിയായ ഭൂമീദേവി, ഈ രണ്ടു പത്നിമാരാലും സന്തോഷിപ്പിക്കപ്പെട്ട ത്രൈലോക്യത്തിന്റെയും ഗൃഹസ്ഥനായ അല്ലയോ വിഷ്ണു ഭഗവാനേ അങ്ങയ്ക്ക് നമസ്കാരം.

ശാതകുംഭം എന്നാൽ ഉമ്മത്ത് എന്നും കൂടിയുണ്ട്. ഉമ്മത്തിന്റെ പൂവ് മഞ്ഞയും ചുവപ്പും കലർന്ന ഒരു നിറമാണ്. സ്വർണ്ണനിറം പോലെ വരും. ശുദ്ധമായ സ്വർണ്ണത്തിന് അത്ര ഭംഗിയുള്ള മഞ്ഞക്കളറൊന്നുമല്ല. ചെമ്പു ചേർത്ത് അല്പം ചുവപ്പുകൂടി വരുമ്പോഴാണ് ഭംഗിയുണ്ടാകുന്നത്. ഉമ്മത്തിന്റെ പൂവിന് ഈ കളറാണ്. നിറയെ ഉമ്മം പൂത്തു നിൽക്കുന്ന മലയിൽ ഉദയകിരണങ്ങൾ പതിക്കുമ്പോഴുള്ള ഭംഗി ഒന്നും മനസ്സിൽ കണ്ടു നോക്കൂ.

ത്രിലോകീഗൃഹസ്ഥനായി വിഷ്ണുവിനെ പ്രാർത്ഥിക്കുന്നതിലും ഒരു കാര്യമുണ്ട്. ഇനിയുള്ള ശ്ലോകങ്ങളിൽ വാർദ്ധക്യത്തിലെ വിഷമതകളും അന്ത്യസമയവും ഒക്കെയാണ് പറയുന്നത്. ഗൃഹനാഥനോടല്ലേ നമുക്ക് എല്ലാം ആവശ്യപ്പെടാൻ കഴിയൂ.

# ധന്യോസ്മി കൃതകൃത്യോസ്മി

പ്രിയപ്പെട്ടവരെ,
പുല്ലയിൽ കിഴക്കേ ഇല്ലത്തെ മണൽത്തരികളെ പോലും പരമാനന്ദനിർവൃതിയിൽ ആറാടിച്ച ഒൻപത് ദിനങ്ങൾ കടന്ന് പോയിരിക്കുകയാണ്

ബ്രഹ്മശ്രീ പ്രഭാകരൻ നമ്പൂതിരിയുടെ ശതാഭിഷേക ചടങ്ങുകൾ വളരെ ഭംഗിയായി പൂർത്തീകരിക്കാൻ കഴിഞ്ഞതിലൂടെ പുല്ലയിൽ കുടുംബാംഗങ്ങൾ ധന്യധന്യരായിരിക്കുന്നു. പുല്ലയില്ലത്തിന്റെ മാർഗ്ഗദർശി ബ്രഹ്മശ്രീ പുരുഷോത്തമൻ നമ്പൂതിരിയും പ്രത്യക്ഷ ഭഗവത്സ്വരൂപമായ ശ്രീമദ്ഭാഗവതവും തെളിയിച്ച് തന്ന വഴിയിലൂടെ സഞ്ചരിക്കുന്ന ഞങ്ങൾക്ക് ഈ ചടങ്ങുകൾ ഇത്രയും ഭംഗിയായി നടത്താൻ കഴിഞ്ഞത് പുല്ലയിൽ ഇല്ലത്തെ ഭരദേവതകളുടെയും, ചേർത്തല കാർത്ത്യായനി ദേവിയുടെയും, പുതുമന ശ്രീകൃഷ്ണ സ്വാമിയുടെയും, ഭാഗവത ഗുരുനാഥൻ ചേന്ദമംഗലം ശങ്കരൻ നമ്പൂതിരി, പുല്ലയിൽ ഇല്ലത്തെ ഇപ്പോഴത്തെ കാരണവർ ബ്രഹ്മശ്രീ മധുസൂദനൻ നമ്പൂതിരി എന്നിവരുടെ പരിപൂർണ്ണാനുഗ്രഹം ഒന്ന് കൊണ്ട് മാത്രമാണ്.

പ്രഭാകരൻ നമ്പൂതിരിയെ ജീവനെക്കാൾ അധികം സ്നേഹിക്കുന്ന നിങ്ങൾ ഒരോരുത്തരുടെയും സാന്നിധ്യ -സഹകരണങ്ങൾ നിസ്തുലമായിരുന്നു.

കർക്കിടക മാസത്തിലെ മകയിരം നക്ഷത്രത്തിൽ 84 വയസ്സ് എന്ന നാഴികക്കല്ല് പിന്നിടുന്ന അദ്ദേഹത്തിന് വേണ്ടി ശതാഭിഷേക ചടങ്ങുകളുടെ പൂർവ്വാംഗമായി നാരയണീയ പാരായണവും

ബ്രഹ്മശ്രീ ഇരളിയൂർ അരുണൻ നമ്പൂതിരി ആചാര്യനായി ശ്രീമദ് ഭാഗവത സപ്താഹ യജ്ഞവും അതിഗംഭീരമായി നടക്കപ്പെട്ടു. ഏഴു ദിവസങ്ങളിലായി മഹത്തുക്കളായ അനവധി ഭാഗവതോത്തമൻമാരുടെ പാരായണ പ്രഭാഷണങ്ങളാലും ജിജ്ഞാസുകളായ ശ്രോതാക്കളുടെ സാന്നിധ്യത്താലും യജ്ഞം ശ്രീമദ് ഭാഗവത സത്ര സമമായി തീർന്നു എന്നത് പറയാതെ വയ്യ.

* കഥകളിയും ഓട്ടൻതുള്ളലും തിരുവാതിരകളിയും ഉടുകുപാട്ടും ഭക്തി പ്രഭാഷണങ്ങളും നാമജപവും എല്ലാം ഞങ്ങളെ ഓർമ്മിപ്പിച്ചത് അഷ്ടമിരോഹിണി ദിനത്തിലെ ഗുരുരുവായൂരപ്പന്റെ അമ്പാടിയെ ആണ്

യജ്ഞമധ്യത്തിൽ ബ്രാഹമണശ്രേഷ്ഠരെ കാൽകഴുകിച്ച് ഊട്ട് നടത്തി നവഗ്രഹശാന്തി ഹോമം സപ്താഹ സമർപ്പണദിനത്തിൽ താന്ത്രിക - ഭാഗവത - ജ്യോതിഷ- വാസ്തു ശാസ്ത്ര രംഗങ്ങളിലെ അതിപ്രഗത്ഭർ നയിച്ച വിജ്ഞാനപ്രദമായ വിദ്വത്സദസ്സ് അന്നേ ദിവസം തന്നെ സപ്താഹ വേദിയെ ദ്വാരകയാക്കികൊണ്ട് കുചേലവൃത്തം കഥകളി. അതിൽ പങ്കെടുത്ത അനുഗ്രഹീത കലാകാരൻമാരും ഇല്ലത്തെ മുറ്റം നിറഞ്ഞ് കവിഞ്ഞ കഥകളിആസ്വാദകരും ചേർന്നതോടെ എട്ടാം ദിനം ശതാഭിഷേക ചടങ്ങിൽ ഏറ്റവും ധന്യമായ ദിനമായി

കർക്കിടകത്തിലെ മകയിരത്തിലെ ശതാഭിഷേക ദിനത്തിൽ (Aug 11 വെള്ളി ) പിറന്നാളുകാരന്റെ ആയുരാരോഗ്യത്തിനായി മൃത്യുഞ്ജയഹോമം നവയോനി പത്മത്തിൽ തൃകാല പൂജയിലൂടെ ത്രിപുരസുന്ദരിയായി ദേവിയെ പൂജ ചെയ്ത് 'പന്തീരായിരം പുഷ്പാഞ്ജലി' വിധിപൂർവ്വം നിർവഹിച്ചു കൂടാതെ വിഷ്ണുപൂജാ മധ്യത്തിൽ നാരായണചൈതന്യത്തോടെ പൂജിച്ച കലശം ദേവ- ബ്രാഹ്മണ സദ്ദസ്സിൽ വച്ച് പ്രഭാകരൻ നമ്പൂതിരിയെ അഭിഷേകം ചെയ്ത് നമസ്ക്കാരങ്ങൾ നിർവ്വഹിച്ച് ഒൻപത് ദിവസത്തെ പൂജാ-സത്കർമ്മങ്ങൾക്ക് ശുഭകരമായ പര്യവസമായി

തുടർന്ന് മലയാള ബ്രാഹ്മണ സമാജം ചേർത്തല ശാഖയുടെ അനുമോദന സമ്മേളനത്തിൽ ബഹു കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് അവർകൾ.

MBS കേന്ദ്ര പ്രസിഡന്റ് ബ്രഹ്മശ്രീ പ്രൊഫ.കെ.ബാലചന്ദ്രശർമ്മ, MBS കേന്ദ്ര സെക്രട്ടറി ബ്രഹ്മശ്രീ ശ്രീവത്സലൻ നമ്പൂതിരി, MBS ആലപ്പുഴ ജില്ലാ പ്രസിഡന്റ് സേതുമാധവ ശർമ്മ, ബ്രഹ്മശ്രീ മാനേജിങ് എഡിറ്റർ ശ്രീ.ടി.വി. നാരായണ ശർമ്മ, ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ മനോജ് പി.നായർ, യോഗക്ഷേമസഭാ സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്, ആൾ കേരളാ ബ്രാഹ്മിൻ ഫെഡറേഷൻ വൈസ് പ്രസിഡന്റ് ബ്രഹ്മശ്രീ പട്ടമന കണ്ഠരര് നീലകണ്ഠരര്, ഭാഗവത സത്രസമിതി ഉപാദ്ധ്യക്ഷൻ ബ്രഹ്മശ്രീ നാരായണസ്വാമി തുടങ്ങി രാഷ്ട്രീയ- സാമുദായിക - സാംസ്കാരിക രംഗങ്ങളിലെ ആദരണീയ വ്യക്തിത്വങ്ങൾ പങ്കെടുത്തു.



വെണ്മ മനസ്സിൽ വിളങ്ങിന മർത്യന്
മേന്മേലമൃതമയം

പ്രഭാകരൻ നമ്പൂതിരി സ്വജീവിതത്തിൽ ഉയർത്തിപിടിച്ച 'മാനവസേവ മാധവസേവ ' എന്ന ആശയത്തെ സാക്ഷാത്കരിച്ചു കൊണ്ട് കാരുണ്യത്തിന്റെ കുളിർക്കാറ്റ് അർഹതപ്പെട്ട ചിലരിലേക്ക് എത്തിച്ചു കൊണ്ട് പിറന്നാൾ ചടങ്ങുകൾ പൂർത്തി കരിക്കാൻ കഴിഞ്ഞു എന്നത് ശതാഭിഷേക ചടങ്ങുകളിൽ എറ്റവും പുണ്യം നേടി തന്ന സത്കർമ്മമായി കരുതുന്നു.

സ്നേഹസേന എന്ന കാരുണ്യ പ്രവർത്തക വാട്സാപ്പ് കൂട്ടായ്മയുടെ കണ്ടെത്തലായ വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് പുതി യൊരു വീട് നിർമ്മിച്ച് കൊടുത്തു എന്നതും

അർഹതപ്പെട്ടവരിലേക്ക് എത്തിക്കാൻ

തണൽ റസി. അസോസിയേഷന് വീൽ ചെയർ സംഭാവന ചെയ്തതും, അഞ്ചു വയസ്സുകാരി ശിവഗായത്രി മോൾക്ക് ചികിത്സധനസഹായം ചെയ്തതും ശതാഭി ഷേക ചടങ്ങുകളുടെ മാറ്റ് വർദ്ധിപ്പിച്ചു.

അനുമോദന സമ്മേളന വേദിയിൽ വച്ച് 'സേവാഭാരതി' വാഹനാപകടത്തിലൂടെ കാലുകൾ നഷ്ടപ്പെട്ട ഷാജി അവർകൾക്ക് വീൽചെയർ സംഭാവന ചെയ്യാൻ തയ്യാറായി എന്നതും എടുത്തു പറയേണ്ടതാണ്.

ഒൻപത് ദിവസങ്ങളിലായി ചടങ്ങുകളി ൽ പങ്കെടുത്ത പ്രിയപ്പെട്ടവർക്കും അതോ ടൊപ്പം സ്കൂളുകൾ, അംഗനവാടികൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ക്ഷേത്രങ്ങൾ ഇവ വഴിയും പതിനായിരത്തി ലധികം ജനങ്ങൾക്ക് അന്നദാനം നടത്തി അവരെ തൃപ്തിപ്പെടുത്താനും സാധ്യമായത് ഞങ്ങളുടെ ജന്മാന്തര പുണ്യമായി കണക്കാ ക്കുകയാണ്.

അതിനായി അത്യധ്വാനം നടത്തിയ പ്രഭാകരൻ നമ്പൂതിരിയുടെ പാചകരംഗത്തെ പ്രമുഖശിഷ്യൻ ശ്രീ ഹരി മൂർത്തിയ്ക്കലും അദ്ദേഹത്തോടൊപ്പമുള്ള സഹപ്രവർത്ത കരും സഹായികളും പന്തൽ തയ്യാറാക്കിയ ശ്രീ ഗോപിയും മക്കളും (പൂച്ചാക്കൽ) ശ്രീ മഹാദേവൻ (ശ്രീകൃഷ്ണസൗണ്ട്സ് ആലു ങ്കൽ) ഗൃഹനിർമ്മാണത്തിന് ചിട്ടയായ നേതൃത്വം വഹിച്ച ശ്രീ ശിവദാസൻ (സ്നേഹസേന, തണൽ) തുടങ്ങി ജാതി മത രാഷ്ട്രീയ ഭേദമെന്യേ വ്യക്തികളും സംഘ ടനകളും ബന്ധുജനങ്ങളും സുഹൃത്തു ക്കളും ചെയ്ത് തന്ന നിസ്തുല സേവനങ്ങ ൾക്ക് എത്ര നന്ദി പറഞ്ഞാലും അധികമാ വില്ല.

ശതാഭിഷ്ക്തനായ പ്രഭാകരൻ നമ്പൂതിരി യുടെ ശുദ്ധമനസ്സിന്റെ നിർമ്മലത കൊ ണ്ടാവാം പ്രകൃതിദേവി പോലും ശാന്തസ്വരൂ പിണിയായി അനുഗ്രഹമായി നിലകൊണ്ടത് എന്ന് ഞങ്ങൾ കരുതുകയാണ്.

ആദ്യന്തം ഈ കർമ്മങ്ങളുടെ വിജയത്തി നായി ഊണും ഉറക്കവും ഉപേക്ഷിച്ച് ഓടി നടന്ന എല്ലാ പ്രിയപ്പെട്ടവർക്കും സ്നേഹോ പഹാര ആദരവുകൾ സമർപ്പിച്ചവർക്കും, മനസ്സ് കൊണ്ട് ഈ ചടങ്ങിന്റെ ഭാഗമായ വർക്കും പുല്ലയിൽ കുടുംബാംഗങ്ങളുടെ ഹൃദയം നിറഞ്ഞ പാദനമസ്ക്കാരമർപ്പിച്ചു കൊണ്ട് അവസാനിപ്പിക്കട്ടെ

നന്ദി നന്ദി നന്ദി

എന്ന് സ്നേഹപൂർവ്വം
പുല്ലയിൽ ഇല്ലത്തിന് വേണ്ടി
ഉണ്ണികൃഷ്ണൻ നമ്പൂതിരി











ഭവാനധീനം പരമെന്നുടലും പ്രാണനുമവരണ്ടും
പരാർത്ഥമാക്കുക പകലും രാവും പ്രഭോ നമസ്കാരം





## ഉപനയനം

### ദേവദത്ത് & അദ്വൈത്

ചാത്തക്കുടം ചെങ്ങഴശേരി ഇല്ലത്ത് മഹേഷിന്റേയും അമൃതയുടെയും മകൻ **ദേവദത്ത് മഹേശ്വരിന്റെയും**, മധുവിന്റെയും അഞ്ചുവിന്റെയും മകൻ **അദ്വൈതിന്റെയും** ഉപനയനം 2023 മെയ് 14 നു ഒല്ലൂർ ശ്രീവത്സം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു




## സപ്തതി

### മണിലാൽ നമ്പൂതിരി

മണിമല ശാഖ അംഗം, **മണിലാൽ നമ്പുതിരിയുടെ** സപ്തതി,25-6-2023, കൂവപ്പള്ളി അമ്പലത്തിന്റെ ഹാളിൽ നടന്നു. അഖില ഭാരത അയ്യപ്പ സേവാ സംഘം ദേശിയ സെക്രട്ടറി ശ്രീ ശശിധരൻ നായരുടെ അധ്യക്ഷതയിൽ കൂടിയ യോഗം ബ്രഹ്മശ്രീ റ്റി വി നാരായണശർമ്മ ഉത്ഘാടനം ചെയ്തു. മണിമല ശാഖ സെക്രട്ടറി ആദരവ് അർപ്പിച്ചു. ശാഖ പ്രസിഡന്റ് ശ്രീ രാധാകൃഷ്ണൻ നമ്പുതിരി പൊന്നാട അണിയിച്ചു മുൻ കേന്ദ്ര ട്രഷറർ ശ്രീ മോഹൻദാസ്, അമ്പലം ഭാരവാഹികൾ, വിവിധ സംഘടനാ പ്രവർത്തകർ ആദരവ് അർപ്പിച്ചു.



## അന്നപ്രാശം

### നീരജ്

കോതമംഗലം പാനിപ്രയിൽ കുറുകപ്പിള്ളി ഇല്ലത്ത് നീലകണ്ഠൻ ഇളയതിന്റേയും (പ്രകാശ്) ധന്യയുടേയും മകൻ **നീരജിന്റെ** അന്നപ്രാശം നൂലേലി ശങ്കരനാരായണ ക്ഷേത്രത്തിൽ വച്ച് 2023 ജൂലൈ 2ന് നടന്നു.

ആശംസകളോടെ: നവനീത്, നിവേദ്യ



## അന്നപ്രാശം

### സഹസ്രഹരി


പള്ളിക്കര ശാഖ ചിറമല ഇല്ലത്ത് നാരായണൻ ഇളയതിന്റെയും സിന്ധുവിന്റെയും പൗത്രിയും ഹരികൃഷ്ണന്റെയും ആതിരയുടെയും പുത്രിയുമായ **സഹസ്രഹരി**യുടെ അന്നപ്രാശം 2023 ജൂൺ 30ന് ഇല്ലത്തു വച്ച് നടന്നു



## അന്നപ്രാശം

### കൃഷ്ണദേവ്

വടക്കൻ പറവൂർ എടവനക്കാട് ഒളായില്ലത്ത് ശ്രീനാഥിന്റെയും ആരതിയുടെയും പുത്രൻ **കൃഷ്ണദേവിന്റെ** അന്നപ്രാശം 2023 മേയ് 7ന് സ്വവസതിയിൽ വച്ചു നടന്നു.



## അന്നപ്രാശം
### ഗൗരീകൃഷ്ണ

പത്തനംതിട്ട കൊടുമൺ വില്ലേജിൽ മിനി ഭവനത്തിൽ (മേച്ചിറമഠത്തിൽ) അനന്തകൃഷ്ണന്റേയും അപർണ്ണയുടെയും മകൾ **ഗൗരീ കൃഷ്ണയുടെ** അന്നപ്രാശം 2023 ജൂൺ 28 ന് വൈകുണ്ഡപുരം ക്ഷേത്രത്തിൽ വച്ച് നടന്നു.




## അന്നപ്രാശം & 7-ാം പിറന്നാൾ
### ദർശന & ദേവ്

പെരുമ്പാവൂർ ശാഖ മണ്ണൂർ വീപ്പാട്ടില്ലത്ത് പരമേശ്വരൻ ഇളയതിന്റെയും ദേവികയുടെയും മകൾ **ദർശനയുടെ** അന്നപ്രാശം ജൂലൈ 9 നും മകൻ **ദേവന്റെ** ഏഴാം പിറന്നാൾ ഓഗസ്റ്റ് 5 നും ആഘോഷിച്ചു



## ഒന്നാം പിറന്നാൾ
### രുദ്രവേദ്

പെരുമ്പാവൂർ തൈക്കാട്ടില്ലത്ത് പ്രമോദിന്റെയും ഗീതുവിന്റെയും പുത്രൻ **രുദ്രവേദിന്റെ** ഒന്നാം പിറന്നാൾ 2023 ഏപ്രിൽ 19ന് ഇല്ലത്ത് വച്ചു ആഘോഷിച്ചു



## ഉപനയനം
**കാർത്തിക്**

ഗുരുവായൂർ ശാഖ വേലൂർ
പെട്ടരഴിയത്ത് ഇല്ലത്തു മധു ഇളയതി
ന്റെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും
മകൻ **കാർത്തികിന്റെ** ഉപനയനവും
സമാവർത്തനവും 2023 ഏപ്രിൽ 27ന്
സ്വവസതിയിൽ വച്ച് നടന്നു.



## ഉപനയനം
**അദ്രിത് കൃഷ്ണൻ**

തിരുവല്ല, പുളിക്കീഴ് മുട്ടത്തില്ലം,
മുരളീധരൻ ഇളയതിന്റെയും ഈശ്വരി
അന്തർജ്ജനത്തിന്റെയും പുത്രൻ
**അദ്രിത് കൃഷ്ണന്റെ** ഉപനയനം
2023 ജൂൺ 28ന്
ഇല്ലത്ത് വച്ച് നടന്നു.



## ഒന്നാം വിവാഹ വാർഷികം
**ഹരികൃഷ്ണൻ & മേഘ**

പാലാ തലനാട് കൈപ്പള്ളി ഇല്ലത്ത്
ഹരികൃഷ്ണന്റെയും മേഘയുടെയും
ഒന്നാം വിവാഹ വാർഷികം
2023 സെപ്റ്റംബർ 11 ന്
ആഘോഷിച്ചു.

# കോട്ടയം ജില്ലാ സമ്മേളനം







## ഉമാമഹേശം 2023






കോട്ടയം ജില്ലാ സമ്മേളനം പൂർണ്ണതയിലെത്തിച്ച എല്ലാ സജ്ജനങ്ങൾക്കും സംഘാടകസമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.



## അന്നപ്രാശം
## നിരഞ്ജൻ കൃഷ്ണ

പാലാ അന്തിനാട് കല്ലമ്പള്ളി ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി (കണ്ണൻ)യുടെയും കൃഷ്ണപ്രിയയുടെയും മകൻ നിരഞ്ജൻ കൃഷ്ണയുടെ അന്നപ്രാശം 2023 സെപ്റ്റംബർ 8 ന് ഇല്ലത്ത് വച്ചു നടന്നു



## വേളി
## ശ്രീദേവി & സുധീഷ്

തിരുവനന്തപുരം ശാഖ അംഗം ശ്രീ ശംഭു പോറ്റിയുടെയും ശ്രീമതി ഗീതാമണിയുടെയും മകൾ ഡോ: ശ്രീദേവിയും തൃശ്ശൂർ പൂങ്കുന്നം പരേതനായ ശ്രീ ഉണ്ണികൃഷ്ണന്റെയും ശ്രീമതി ശൈലജയുടെയും മകൻ സുധീഷും തൃശൂർ ശങ്കരൻകുളങ്ങര ക്ഷേത്രത്തിൽ വെച്ച് 2023 സെപ്റ്റംബർ 11ന് വിവാഹിതരായി



## വേളി
## അഞ്ജിത & വിഷ്ണുപ്രകാശ്

മണിമല തമ്പലക്കാട് കല്ലാരവേലിയിൽ ഇല്ലത്ത് മനോജിന്റെയും ശ്രീജ മനോജിന്റെയും പുത്രി അഞ്ജിതയും, വയനാട് അമ്പലവയൽ ബ്ളാഹയിൽ ഇല്ലത്ത് എൻ ബി ഉണ്ണികൃഷ്ണന്റെയും രമാദേവിയുടെയും പുത്രൻ വിഷ്ണുപ്രകാശും തമ്മിലുള്ള വേളി 2023 സെപ്റ്റംബർ 2 നു വധൂഗൃഹത്തിൽ വച്ച് നടന്നു.



## എൺപതാം പിറന്നാൾ

### വിനോദിനി അന്തർജ്ജനം

വടക്കൻ പറവൂർ ശാഖ എളങ്കുന്നപ്പുഴ വെളുത്തമേശ്ശേരി ഇല്ലത്ത് **വിനോദിനി അന്തർജ്ജനത്തിന്റെ** എൺപതാം പിറന്നാൾ 2023 മെയ് 28 ന് സ്വവസതിയിൽ ആഘോഷിച്ചു.



## 40-ാം വിവാഹ വാർഷികം


2023 സെപ്റ്റംബർ 8ന് 40-ാം വിവാഹ വാർഷികം ആഘോഷിച്ച പാലാ കീച്ചേരിൽ ഇല്ലത്ത് **കെ.കെ. കേശവൻ നമ്പൂതിരി**യും സഹധർമ്മിണി **രാഗിണി കേശവനും**.



## നവതി

### സാവിത്രി അന്തർജ്ജനം

മലയാള ബ്രാഹ്മണ സമാജം പറവൂർ ശാഖാംഗവും ഒളായില്ലത്ത് പരേതനായ ശേഖരൻ ഇളയതിന്റെ പത്നിയുമായ **സാവിത്രി അന്തർജനത്തിന്റെ** നവതി ആഘോഷം 2023 ആഗസ്റ്റ് 9 ന് ഒളായില്ലത്ത് വച്ച് നടന്നു.




## സപ്തതി

**രാധാ അന്തർജ്ജനം**

ഏഴാച്ചേരി കുരുവിനാനികൽ ഇല്ലത്ത് രാധാ അന്തർജ്ജനത്തിന്റെ സപ്തതി 2023 ജൂൺ 23 ന് ഇല്ലത്ത് വച്ച് സമുചിതമായി ആഘോഷിച്ചു.



## 77-ാം പിറന്നാൾ

**സാവിത്രി അന്തർജ്ജനം**

പെരുമ്പാവൂർ ശാഖ മണ്ണൂർ വീപ്പാട്ട് ഇല്ലത്ത് **സാവിത്രി അന്തർജ്ജനത്തിന്റെ** 77-ാം പിറന്നാൾ 2023 മെയ് 26ന് ആഘോഷിച്ചു



**50-ാം വിവാഹവാർഷികം**

2023 ആഗസ്റ്റ് 29ന് അമ്പതാം വിവാഹവാർഷികം ആഘോഷിച്ച കുറിച്ചിത്താനം പാണാട്ടില്ലത്ത് **സേതുനാഥനും സഹധർമ്മിണി മായാദേവിയും**



ഹവിസ്സിലേക്കുള്ള സംഭാവന ചിറമംഗലത്ത് ഇല്ലം (മൈലപ്പള്ളി ഇല്ലം) ബ്രഹ്മശ്രീ. നാരായണൻ നമ്പൂതിരിയിൽ നിന്നും (കുഞ്ഞൂഞ്ഞ് ചേട്ടൻ ) ശാഖാ ട്രഷറർ പുരുഷോത്തമ ശർമ്മ ഏറ്റുവാങ്ങുന്നു



കൂത്താട്ടുകുളം ശാഖ ഇളംബ്ലാശ്ശേരി ഇല്ലത്ത് ശ്രീവാസിന്റെയും ആതിരയുടെയും പുത്രൻ അക്ഷത് ശർമ്മയുടെ അന്നപ്രാശത്തോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശാഖാ പ്രസിഡൻറ് ശ്രീ. മുരളീധര ശർമ്മ സ്വീകരിക്കുന്നു.



പാണാട്ടില്ലത്ത് ശ്രീ ഭരത് അനിലിന്റെ വേളിയോട് അനുബന്ധിച്ചു ഹവിസ്സിലേക്കുള്ള സംഭാവന കേന്ദ്ര സമിതി അംഗം K.N. പരമേശ്വരൻ ഇളയതിനു കൈമാറുന്നു.



ആലുവ പെരുംന്തോട്ടത്ത് ഇല്ലത്ത് ശ്രീമതി സരസ്വതി ശർമ്മയുടെ പിണ്ഡ അടിയന്തിരത്തോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശ്രീ ബാലമുകുന്ദൻ പ്രസിഡന്റിനേയും സെക്രട്ടറിയേയും ഏൽപ്പി ക്കുന്നു



മണിമല കല്ലാരവേലിൽ ഇല്ലത്ത് അഞ്ജിതയുടെയും വിഷ്ണു പ്രകാശിന്റെയും വേളിയോടനുബന്ധിച്ച് ഹവിസിലേയ്ക്ക് ഉള്ള സംഭാവന ശാഖ സെക്രട്ടറി സ്വീകരിക്കുന്നു



എളങ്കുന്നപ്പുഴ വെളുത്തമേശ്ശേരി ഇല്ലത്ത് ശ്രീമതി വിനോദിനി അന്തർജനത്തിന്റെ എൺപതാം പിറന്നാളിനോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന പറവൂർ ശാഖാ ട്രഷറർ ഒ. എസ്സ്. ബാലകൃഷ്ണൻ സ്വീകരിക്കുന്നു.



കുറവിലങ്ങാട് തുരുത്തി ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ പിണ്ഡ അടിയന്തിരത്തോട് അനുബന്ധിച്ച് ഹവിസിലേയ്ക്കുള്ള സംഭാവന പുത്രൻ ബാബുകുമാർ ഹവിസ് കൺവീനർക്ക് കൈമാറി



പെരുമ്പാവൂർ ശാഖ പറമ്പത്ത് ഇല്ലത്ത് ദുർഗയും ഭദ്രയും തങ്ങൾക്ക് വിവിധ മത്സരങ്ങളിൽ നിന്നും ലഭിച്ച സമ്മാനം തുകകൾ ഹവിസിലേയ്ക്ക് നൽകുന്നതിനായി കേന്ദ്ര സമിതി അംഗം മുരളി വാസുദേവനെ ഏല്പിക്കുന്നു



പെരുമ്പാവൂർ തൈക്കാട്ട് ഇല്ലത്ത് പ്രദീപിന്റെ വേളിയോട് അനുബന്ധിച്ച് ഹവീസിലേയ്ക്കുള്ള സംഭാവന കേന്ദ്ര സമിതി അംഗം പരമേശ്വരൻ ഇളയത് ഏറ്റുവാങ്ങുന്നു

## എസ്.എസ്.എൽ.സി.പരീക്ഷയിൽ ഉന്നതവിജയം



**അജയ്കൃഷ്ണ**
**കെ നമ്പൂതിരി**
കല്ലാരവേലിൽ ഇല്ലം
പാലാ ശാഖ



**ശ്രീനന്ദൻ & ശ്രീപൗർണ്ണമി**
ഏറത്തുരുത്തി ഇല്ലം
ആണ്ടൂർ ശാഖ



**മാനസ എം രമേഷ്**
മംഗലശ്ശേരി ഇല്ലം
വടക്കൻ പറവൂർ ശാഖ



ഈ കൊല്ലത്തെ (കേരള എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിൽ) 1451 റാങ്ക് ലഭിച്ച
**ശ്രീരാഗ്**
നെടുമ്പിള്ളി ഇല്ലം
ആലുവ ,



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് MSc Environmental Science and Management Â1st Rank നേടിയ തൈക്കാട്ടുശ്ശേരി ശാഖയിലെ പള്ളിപ്പുറം വല്ലാഴത്തില്ലത്ത് കുമാരി ആതിര V മുകുന്ദന്, മലയാള ബ്രാഹ്മണ സമാജം ആലപ്പുഴ ജില്ലാ കൗൺസിൽ മീറ്റിംഗിൽ അനുമോദനം നല്കി



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന്,'വ്യാകരണ സംവർഗ്ഗങ്ങളുടെ പ്രയോഗവും പ്രകരണവും ബഷീർ കൃതികളിൽ എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ തുറവൂർ ശാഖയിലെ അരൂർ ചോമായിൽ ഇല്ലത്ത് **ശ്രീ വിഷ്ണു പ്രസാദിന്** മലയാള ബ്രാഹ്മണ സമാജം ആലപ്പുഴ ജില്ലാ കൗൺസിൽ മീറ്റിംഗിൽ അനുമോദനം നല്കി

**ദുഃഖിതനായ രാമനേ ഉത്തേജിപ്പിക്കുന്ന ലക്ഷ്മണൻ**

**ഉത്സാഹോ ബലവാ, നാര്യ**
**നാസ്ത്യുത്സാഹാൽ പരം ബലം**
**സോത്സാഹസ്യ ഹി ലോകേഷു**
**ന കിഞ്ചിദപി ദുർല്ലഭം**

**ജ്യേഷ്ഠാ ഉത്സാഹമാണ് ശക്തി നൽകുന്നത്, ഉത്സാഹത്തിൽ കവിഞ്ഞൊരു ശക്തിയില്ല. ഉത്സാഹശീലന് അസാധ്യമായി ലോകത്ത് ഒന്നുമില്ല.**

**നാത്യക്ത്വാ സുഖമാപ്നോതി**
**നാത്യക്ത്വാ വിരുതേപരം**
**നാത്യക്ത്വാ ചാ ഭയഃ ശേതേ**
**ത്യക്ത്വാ സർവ്വം സുഖീ ഭവഃ**

**ത്യാഗം ചെയ്യാതെ സുഖം ലഭിക്കുകയില്ല. ത്യാഗം ചെയ്യാതെ പരഗതി ഉണ്ടാകില്ല. ത്യാഗം കൊണ്ടേ ഭയത്തിൽ നിന്നും മോചനം ലഭിക്കൂ. സകലതും ത്യജിച്ച് സുഖമാർജ്ജിക്കാം.**

# പദപ്രശ്നം 26 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 പൊ | ന്ന | മ്പ | 2 ല | 3 മേ | ട് | 4 ചാ |
| ങ | 5 കൊ | ടു | ങ്കാ | റ്റ് | ങ്കി | 6 മ |
| ൽ | വ്വാ | 7 വ | 8 ദ | ന്തി | 9 കു | മ്മി |
| വി | 10 ഹ | ര | ഹ | 11 ര | 12 പ്രി | യ |
| കോ | വ്യം | ന്ഥ | നം | 13 സു | യം | 14 ല |
| 15 ശ്രീ | രാ | 16 മ | ൻ | ര്യ | 17 വ | 18 പാ |
| 19 ദ | ശ | 20 ര | ഥ | ൻ | 21 ദ | ശം |

പദപ്രശ്നം–26
ശരിയുത്തരം അയച്ചവർ

1. ശ്രീകുമാർ ടി.എസ്. തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട്
2. ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ
3. വി.എൻ. ദിവാകരൻ, വെള്ളിയെപ്പള്ളിൽ ഇല്ലം, ആണ്ടൂർ
4. Dr . ഹരി ശർമ്മ , പറഞ്ഞിക്കാട്ട് ഇല്ലം, ആണ്ടൂർ
5. ഉഷാദേവി നീലകണ്ഠൻ, ശ്രീശൈലം, കുറവിലങ്ങാട്
6. ഗിരിജ കേശവൻ (രാജ് ഭവൻ ) മേച്ചേരിൽ ഇല്ലം, തൃപ്പൂണിത്തുറ
7. ഗീത സി.കെ. , അപർണ, മൈമ്പള്ളി ഇല്ലം, അയ്യന്തോൾ , തൃശൂർ
8. തങ്കമണി രാജീവൻ നമ്പൂതിരി, കരിക്കാട്ടിൽ ഇല്ലം, ചേർത്തല ,
9. അപ്പു കരിയ്ക്കാട്ടിൽ , കരിക്കാട്ടിൽ ഇല്ലം, ചേർത്തല
10. പ്രസീത പരമേശ്വരൻ, കൈലാസം, കുടക്കച്ചിറ
11. രാജേശ്വരി കെ. പി. , ചാത്തേടത്ത് ഇല്ലം, കൊടുങ്ങല്ലൂർ
12. വത്സല സന്തോഷ് , തോട്ടത്തിൽ ഇല്ലം , തിരുവനന്തപുരം
13. ദേവർഷ , തുരുത്തിയിൽ ഇല്ലം , കുറവിലങ്ങാട്
14. ഇന്ദിരാദേവി , തിരുമംഗലത്തില്ലം, പെരുമ്പാവൂർ
15. തങ്കമ്മ കെ . പി ., വാലയിൽ ഇല്ലം , ചേർത്തല


വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| ര ബു | ശി | ല | |
| മ ശു | പുരുഷ ജാതകം | | ച കു |
| | | | മാ |
| | ഗു | സ | |

**പുരുഷജാതകം**
**ജനനം** : 10-04-1995. (09.56 am.)
**നക്ഷത്രം : ആയില്യം**
Height : **178 cm**
Qualification :B Tech. (CS)
Job : **Software Engineer. TCS/ Bangalore (Now at UK)**
Ph. : **80866 08697**


# ആദരാഞ്ജലികൾ



പ്രശാന്ത് നാരായണൻ (36)

പെരുമ്പാവൂർ മേതല മേക്കാട്ടില്ലത്ത് പരേതരായ നാരായണൻ ഇളയതിന്റെയും ലീലാമണി അന്തർജ്ജനത്തിന്റെയും (കൂത്താട്ടുകുളം നെടുമ്പായില്ലം) പുത്രൻ പ്രശാന്ത് നാരായണൻ (36) 2023 ആഗസ്ത് 8 ന് വിഷ്ണുപാദം പൂകി



രാമപുരം ശാഖ വടക്കേൽ ഇല്ലത്ത്
**ശ്രീ. വാസുദേവൻ നമ്പൂതിരി**
2023 ആഗസ്ത് 8 ന്
വിഷ്ണുപാദം പൂകി



ഏറ്റുമാനൂർ പറത്താനത്തില്ലം
വിശ്വനാഥശർമ്മ
2023 ആഗസ്ത് 27 ന്
വിഷ്ണുപാദം പൂകി



സത്പുഷ്പമേ ഇവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ

# വേറിട്ടൊരു അനുഭവം...

കെ.വി. നാരായണൻ നമ്പൂതിരി
കാരടിയിൽ ഇല്ലം, മണിമല ശാഖ
97471 76980

ഈ കഴിഞ്ഞു പോയ ദിവസങ്ങളിൽ ഒരാളുടെ മരണാനന്തര ചടങ്ങുകളിൽ ഉടനീളം സംബന്ധിയ്ക്കുവാൻ ഇടയായി. നാല് പെൺകുട്ടികളും ഒരു മകനും കർമ്മം ചെയ്യാൻ ഉണ്ടായിരുന്നു. ആദ്യ ദിവസം മുപ്പത്തിയഞ്ചുപേർ ക്രിയയ്ക്ക് വേണ്ടിവരുമെന്ന് ആചാര്യൻ പറഞ്ഞിരുന്നു. സപിണ്ഡി ദിവസവും മുപ്പത്തിയഞ്ചുപേർ വേണമെന്നാണ് പറഞ്ഞത്. കൃത്യം ആറു മണിക്കു തന്നെ ചടങ്ങുകൾ ആരംഭിക്കും എന്ന് വിളിച്ചു പറഞ്ഞിരുന്നു. അത്യാവശ്യക്കാർക്ക് പങ്കെടുത്തു പോകാൻ വേണ്ടിയായിരുന്നു അങ്ങിനെയൊരു ക്രമീകരണം. പൊതു ഗതാഗതസൗകര്യം വളരെ കുറവായ സ്ഥലമാണെങ്കിലും ഇപ്പോൾ അതൊരു തടസ്സമല്ല. രണ്ടു വാഹനങ്ങൾ എങ്കിലും ഇല്ലാത്ത ഒരില്ലവും കാണുകയില്ല. എങ്കിലും ഇത്രയും ആളുകൾ ഇത്ര രാവിലെ എത്തുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. അത്ഭുതമെന്നേ പറയേണ്ടൂ. കൃത്യസമയത്ത് വേണ്ടതിലധികം ആളുകൾ എത്തിയിരുന്നു. ആദ്യദിവസം കൂടുതൽ ആളുകൾ വന്നതുകൊണ്ട് യാതൊരു മടിയും കൂടാതെ രണ്ടാമത്തെ ദിവസവും എത്തിച്ചേരണമെന്ന് ഗൃഹനാഥൻ ആവശ്യപ്പെടുന്നുണ്ടായിരുന്നു. സപിണ്ഡി ദിവസവും കൂടുതൽ ആളുകൾ എത്തുകയും വളരെ ഗംഭീരമായി കാര്യങ്ങൾ പര്യവസാനിക്കുകയും ചെയ്തു.

ഇത്രയും ആമുഖം.

ഈ ചടങ്ങുകൾ നടത്തിയ ആചാര്യനെപ്പറ്റി പറയുവാനാണ് ഇത്രയും എഴുതിയത്. സൗമ്യനായ ഒരു നാല്പത്തിയഞ്ച് വയസ്സുള്ള ഒരു ചെറുപ്പക്കാരനായിരുന്നു ആചാര്യൻ. പരിചാരകന്മാർ ആരും കൂടെയില്ല. എല്ലാം തനിയെ ചെയ്യും. ചടങ്ങിന്റെ ഓരോ ഘട്ടം കഴിയുമ്പോഴും തുടച്ച് വൃത്തിയാക്കി അടുത്ത ഘട്ടത്തിലേക്ക് വേണ്ടുന്ന സാധനങ്ങൾ എല്ലാം കൃത്യമായി ഒരുക്കിവയ്ക്കും. കർമ്മം ചെയ്യേണ്ട ആളുകൾ എത്തുകയേ വേണ്ടൂ.

പുസ്തകം നോക്കി പറയുന്ന ആളിനും കർമ്മം ചെയ്യുന്ന ആളുകൾക്കും ഒന്നും മനസ്സിലാകാതെ എന്തൊക്കെയോ ചെയ്യുന്നതാണ് ഭൂരിഭാഗവും കണ്ടിട്ടുള്ളത്. പക്ഷെ ഇവിടെ എന്തു ചെയ്യണമെന്നും എന്തിനു വേണ്ടി ചെയ്യുന്നു എന്നും പുസ്തക സഹായമില്ലാതെ സ്ഫുടമായി പറഞ്ഞുകൊടുക്കുന്നു. കൃത്യസമയത്ത് തുടങ്ങുകയും കൃത്യമായി അവസാനിപ്പിക്കുകയും ചെയ്യുന്നു. എത്ര അടുക്കും ചിട്ടയോടുമാണ് അദ്ദേഹം കാര്യങ്ങൾ നിയന്ത്രിക്കുന്നത്.

ചടങ്ങുകൾക്ക് ശേഷം സംസാരമദ്ധ്യേ സാമ്പത്തികസ്ഥിതി തീരെ കുറഞ്ഞ ഒരില്ലത്ത് വസ്ത്രവും മറ്റ് അനുസാരികളും ഒക്കെ പരമാവധി കുറച്ച് ദക്ഷിണയായി വണ്ടിക്കൂലി മാത്രമായി വാങ്ങിയ അനുഭവവും ഉണ്ടായിട്ടുണ്ടെന്ന് ആചാര്യൻ സംസാരമദ്ധ്യേ പറഞ്ഞു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയും ഇങ്ങിനെയുള്ള ആചാര്യന്മാരെ വളരെ കുറച്ചേ കണ്ടിട്ടുള്ളൂ എന്ന് പറയുകയും ചെയ്തു. കോട്ടയം ടൗൺ ശാഖാ മലയാള ബ്രാഹ്മണസമാജം അംഗമാണ് ഈ ആചാര്യൻ എന്നറിയുകകൂടി ചെയ്തപ്പോൾ വളരെ അഭിമാനം തോന്നി.

ഇനി വ്യത്യസ്ഥമായ വേറൊരനുഭവം പറയാം.

പരികർമ്മികളെ കൂടെ കൊണ്ടുവരുന്നത് ഒരു തന്ത്രമാണ്. യാത്രയാക്കാൻ സമയമാകുമ്പോൾ ചടങ്ങുദക്ഷിണ എത്രയെന്ന് ചോദിക്കുമ്പോൾ പരികർമ്മിയ്ക്ക് ഒരു പതിനായിരം കൊടുത്തേക്കൂ എന്ന് പറയാം. അപ്പോൾ പ്രധാന കർമ്മിയ്ക്ക് എത്രയെന്ന് പറയേണ്ട കാര്യമില്ലല്ലോ.

വേളിയൊക്കെ കഴിപ്പിച്ച് ആചാര്യൻ മടങ്ങാറായപ്പോൾ ഗൃഹനാഥൻ എന്നോട് ആചാര്യന്റെ റേറ്റ് ഒന്ന് ചോദിക്കാൻ പറഞ്ഞു. ഭവ്യമായി ഞാൻ ചോദിച്ചു.

ഒരു ട്വെന്റി ഫൈവ് റുപ്പീസ് തന്നേക്കാൻ പറഞ്ഞു.

ഇതൊരല്പം കൂടുതൽ അല്ലേ എന്ന് ഞാൻ സംശയം പ്രകടിപ്പിച്ചു.

വേളികഴിച്ച് കൊണ്ടുവന്നതല്ലേ സ്വർണ്ണവും പണവും വസ്തുവും ഒക്കെ വാങ്ങിയതല്ലേ, പിന്നെ ഞാനായിട്ട് എന്തിന് കുറയ്ക്കണം എന്നായിരുന്നു പ്രതികരണം. അങ്ങിനെയൊന്നും കിട്ടിയിട്ടില്ല എന്ന് പറയണമെന്ന് ഉണ്ടായിരുന്നു. ഒരു പ്രയോജനവും അതുകൊണ്ട് ഇല്ല എന്ന് ബോദ്ധ്യമുള്ളതുകൊണ്ട് ഒന്നും ചോദിച്ചില്ല.

പനിനീർചെടിയിൽ സുഗന്ധമുള്ള പൂക്കൾ മാത്രമല്ലല്ലോ മുള്ളുകൾ കൂടിയുണ്ടാവുമല്ലോ!. സംഘടന എന്ന നിലയിൽ ബ്രാഹ്മണസമാജം ഇത്തരം കാര്യങ്ങൾക്ക് ഒരു ക്രമം ചർച്ച ചെയ്ത് തീരുമാനിക്കുന്നത് ഉത്തമമായിരിക്കും.



ത്യാഗമെന്നതേ നേട്ടം
താഴ്മതാനഭ്യുന്നതി

# പദപ്രശ്നം 27

| | | | | | | |
|---|---|---|---|---|---|---|
| 1 | | | | | 2 | 3 |
| | 4 | | 5 | | | 6 |
| 7 | | 8 | | 9 | | |
| | | | 10 | | 11 | |
| 12 | | | | 13 | 14 | |
| | 15 | | 16 | 17 | | 18 |
| 19 | | | | | | 20 |

വലത്തോട്ട്

1. കേരളീയരുടെ പ്രധാന ആഹാരം (2)
1. നാട്ടിൽ ആശങ്ക പരത്തി കോളിളക്കം സൃഷ്ടിച്ച ഒരു കാട്ടാന (5)
4. ഒരു പക്ഷി (2)
8. അണ്ഡം (2)
11. ആൺകുട്ടികളെ സ്നേഹപൂർവ്വം ഇങ്ങിനെ വിളിക്കാറുണ്ട് (2)
12. വൈഷ്ണവാചാര്യൻ (2)
13. വഞ്ചനയാണിത് (2)
14. എള്ള് (2)
15. ആവശ്യത്തിന് തികയാതെ വരുമ്പോൾ ഇങ്ങനെ പറയുന്നു (2)
16. കരിമ്പ് (2)
17. ക്ഷൗരക്കത്തി (2)
19. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ കർത്താവ് (5)

താഴോട്ട്

1. കായലും കടലും തമ്മിൽ സന്ധിക്കുന്ന ഭാഗത്തിന് പറയുന്ന പേര് (4)
1. കുറ്റം ചെയ്യുന്നവർ ഇതെണ്ണും (2)
2. ഈ ഗ്രന്ഥം രചിച്ചത് ലളിതാംബിക അന്തർജ്ജനം (6)
3. വൈദിക കർമ്മങ്ങൾ പറഞ്ഞുതന്ന് ചെയ്യിക്കുന്ന ആളെ ഇങ്ങിനെ പറയും (4)
4. ഈ സങ്കൽപമനുസരിച്ച് പൂജയും മന്ത്രവും മാറും (3)
5. ഇതുപയോഗിച്ച് പലതരം ഭക്ഷണം ഉണ്ടാക്കാം (2)
7. ശരീരത്തിന്റെ ഒരു ഭാഗം (2)
8. ദശപുഷ്പങ്ങളിൽ ഒന്ന് (3)
11. ഒരാഭരണം (3)
12. പടവ് (2)
13. കണ്ണ് (2)
16. ആഗ്രഹം (2)

ഇടത്തോട്ട്

3. വസിഷ്ഠന്റെ പശുവിനെ മോഷ്ടിച്ചു കൊണ്ടുപോയ വസു (3)
5. കേരളത്തിലെ ഒരു വിനോദസഞ്ചാര കേന്ദ്രം (4)
6. താക്കോലിന്റെ ഹിന്ദി വാക്ക് അല്പം ഉച്ചാരണ പിശകോടെ നാം ഇങ്ങിനെയാണ് പറയാറ്. (2)
9. ഇരുപത്തേഴ് നക്ഷത്രങ്ങളിൽ ഒന്ന് (2)
10. ഒരാഭരണം (3)
13. ഒരു ഫലം ( 2 )
15. കച്ചവട സ്ഥാപനത്തിന് പറയുന്ന പേര് (2)
16. കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഒരു വസ്തു (3)
20. ഇദ്ദേഹത്തിന് ഗുരുവിന്റെ സ്ഥാനമാണുള്ളത് (3)

മേൽപ്പോട്ട്

4. പശുവിന്റെ ആൺവർഗ്ഗത്തിന് പറയുന്ന പേര് (2)
9. ഗ്രഹനിലയിൽ ഏഴു വർഷം ദശാകാലയളവുള്ള ഒരു ഗ്രഹം (2)
10. ഒരു ക്ഷുദ്ര ജീവി (2)
12. ശരീരത്തിൽ വേദനയില്ലാത്തതും രക്തമില്ലാത്തതുമായ ഒരു അവയവം (2)
13. ലക്ഷ്മണന്റെ പുത്രൻ (4)
15. പഴയകാലത്തെ ഒരു സന്ദേശവിനിമയ സമ്പ്രദായം (2)
16. മുസ്ലീം സമുദായത്തിൽപെട്ടവർ സഹോദരനെ ഇങ്ങനെ വിളിക്കാറുണ്ട് (2)
18. ഒരു യുദ്ധായുധം (2)
19. ഒരു വൃക്ഷം (2)
20. പുല, വാലായ്മ ഇവയ്ക്കെല്ലാം ഇങ്ങനെ പറയാം (3)

തയ്യാറാക്കിയത് : ഓമനക്കുട്ടൻ, പുതുശ്ശേരി ഇല്ലം
കുമ്മണ്ണൂർ

**അയച്ചുകിട്ടേണ്ട അവസാന തീയതി : ഒക്ടോബർ 25**

Name................................................

Address............................................

Mob:................................................

പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ് നമ്പരിൽ അയച്ചാൽ മതിയാവും.

പാഞ്ചാലി:
കുർവതോഹി ഭവത്യേവ
പ്രായേണേഹ യുധിഷ്ഠിര
ഏകാന്ത ഫലസിദ്ധിംതു
നവിന്ദത്യലസഃ ക്വചിത്
യുദ്ധിഷ്ഠിര രാജാവേ പ്രവർത്തിക്കുന്നവർക്കേ ഫലം ലഭിക്കൂ, അലസന് സ്വയമേവ ഫലം ലഭിക്കുകയെന്നത് അസംഭവ്യമാണ്.

മ. 3 – 32 – 40

# മഴപ്പക്ഷി

എൻ.കെ. നമ്പൂതിരി,
ചിറമംഗലത്തില്ലം, ആനിക്കാട്
9446381061

(മഴയുടെ വരവിനെ വിളിച്ചോതിക്കൊണ്ട്
മഴപക്ഷികൾ എത്തുന്നു. എന്നാൽ
മഴയെത്തിക്കഴിഞ്ഞാൽ അവ
അപ്രത്യക്ഷമാകുന്നു.)

വന്നു മഴപ്പക്ഷി വാനിൽ നിന്നും
എങ്ങുന്നുവന്നെന്നറിയില്ല വിസ്മയം
ദേശദേശങ്ങൾ താണ്ടി വരുന്നോരു
ദേശാടനപക്ഷിയ്ക്കു നാടില്ല സ്വന്തമായ്
കാലവർഷത്തിന്റെ മുന്നോടിയായി
പാറിപ്പറന്നെത്തിയാ മഴപ്പക്ഷികൾ
ദേശാന്തരം തോറും യാത്ര ചെയ്തിട്ടവർ
നമ്മുടെ മണ്ണിലുമെത്തിയാ പക്ഷികൾ
തപ്തമാം വേനലിൽ ആശ്വാസമേകുവാൻ
കുളിരുമായെത്തുന്നു കൃത്യമായി
പക്ഷികൾ
മണ്ണും മനസ്സും നനയ്ക്കുമാപക്ഷികൾ
കോലാഹലത്തോടു വന്നീടും കൃത്യമായി
മണ്ണിന്റെ ഭാവവും വർണ്ണവുമുൾക്കൊണ്ടു
കാലവർഷാഗമം വിളംബരം ചെയ്യുന്നു
മിന്നലും മേഘഗർജ്ജനമുൾക്കൊണ്ടു
കാലവർഷം ഇരച്ചെത്തിടുമ്പോൾ
എങ്ങുപോയെന്നറിയില്ലയാ പക്ഷികൾ
കൃത്യമായി വരുംവർഷമെന്ന
പ്രതീക്ഷയിൽ.

# ശ്രാവണപ്പുലരി

**നാരായണൻ മംഗലശ്ശേരി**
**(വടക്കൻ പറവൂർ ശാഖ)**

ശ്രാവണ പുലരിയിൽ കാർമുകിൽ മറഞ്ഞപ്പോൾ
സ്വച്ഛമായാകാശവും, കാണായിതർക്കബിംബം
അംശുമാനണഞ്ഞപ്പോൾ കെട്ടി നിന്നീടും വെള്ളം
ഒക്കവേയതിദ്രുതം ആവിയായ് മറഞ്ഞേ പോയ്
തൃണജാലങ്ങൾ മെല്ലെ മുളച്ചിതെല്ലാടവും
മരതക കാന്തിയാലെ ശോഭിച്ചു ധരണിയും
പൂക്കളും വിരിഞ്ഞേറെ പലതരം വർണ്ണങ്ങളിൽ
കാഴ്ചയിൽ നവരത്നം നീളവേ പതിച്ച പോൽ
പൂക്കളെ തഴുകുവാൻ എത്തിയ മന്ദാനിലൻ
സൗരഭം പരത്തിനാൻ നാലു ദിക്കിലും നീളെ
വിളഞ്ഞു പാടങ്ങളിൽ നില്ക്കുന്ന കതിരുകൾ
വെയിലടിച്ചീടും നേരം തിളങ്ങി സുവർണം പോൽ

# എന്റെ പ്രാർത്ഥന

**ഓമന അന്തർജ്ജനം**
പൊതിയിൽ ഇല്ലം
ആണ്ടൂർ, 9188731650

മറ്റുള്ള മർത്യന്റെ ചെയ്തികൾ കണ്ടിട്ട്
കുറ്റം പറയുവാൻ തോന്നാതിരിയ്ക്കണം
മനമതിലുള്ളോരു ദുഖങ്ങളൊക്കെയും
മറ്റുള്ളവരോടു ചൊല്ലാതിരിയ്ക്കുവാൻ
നാവിന്നു നിത്യം വില്ക്കുനൽകേണമേ
മാനപമാനവും നിന്ദാസ്തുതികളും
തുല്യമായ് കാണുവാൻ ധൈര്യം തരേണമെ
ഭൂതവും ഭാവിയും ചിന്തിച്ചു ചിന്തിച്ചു
ചിത്തമിടറാതിരിയ്ക്കണമെപ്പൊഴും
മറ്റുള്ളവർക്കൊരു ദുഖം വരുത്തുന്ന
വാക്കൊന്നുമോതാൻ കഴിയാതിരിക്കണം
ലൗകീക മോഹത്തിൽ പെട്ടങ്ങുഴലാതെ നാമം
ജപിയ്ക്കുവാൻ ഭാഗ്യം തരേണമെ
ത്യാഗവും സ്നേഹവും സർവ്വസഹനവും
മാനസം തന്നിൽ നിറയേണമെപ്പൊഴും
ഗോകുലനാഥന്റെ ദിവ്യകളേബരം
ഹൃത്തിൽ വിളങ്ങണെ വാതഗേഹാധിപാ
പുണ്യമീ ഭാരത മണ്ണിലെനിയ്ക്കൊരു
മർത്യജന്മം തന്ന ദൈവമേ കൈതൊഴാം

# ആദരാഞ്ജലികൾ



**വടക്കാഞ്ചേരി ശാഖ ചെങ്ങഴശ്ശേരി ഇല്ലത്ത് ശങ്കരൻ ഇളയതിന്റെ(ഹരി) സഹധർമ്മിണി ശ്രീദേവി അന്തർജ്ജനം (56) 2023 സെപ്റ്റംബർ 19 ന് വിഷ്ണുപാദം പൂകി.**

പ്രതിഭാജലസമ്പൂർണ്ണമായിടും കവി മാനസേ
ലോകങ്ങളാകുമന്നങ്ങൾ വിളയാടുന്നു സർവ്വദാ

## ചേർത്തല ശാഖ



പ്രസിഡന്റ്
**പി. മുരളീധരൻ**
പുല്ലയിൽ ഇല്ലം, 9495119133



സെക്രട്ടറി
**കെ. കെ. ശാരദാമണി**
കോമന്നൂർ ഇല്ലം, 9497634008



ട്രഷറർ
**പി. വിശ്വനാഥൻ**
പുല്ലയിൽ ഇല്ലം, 9447867073

## പള്ളിക്കര ശാഖ



പ്രസിഡന്റ്
**മധു സി.കെ.**
ചിറമല ഇല്ലം, 8089750213



സെക്രട്ടറി
**ശ്രീരാജ് ശർമ്മ**
വഴുതനപ്പിള്ളി ഇല്ലം, 9995301323



ട്രഷറർ
**നാരായണൻ സി.കെ.**
ചെറുവിള്ളി ഇല്ലം, 9446928093

## വടക്കൻ പറവൂർ ശാഖ



പ്രസിഡന്റ്
**പി.എൻ. ഉണ്ണികൃഷ്ണൻ ഇളയത്**
പറപ്പിള്ളി ഇല്ലം, 9495046245



സെക്രട്ടറി
**എം. എൻ. ഹരീഷ് കുമാർ**
മംഗലശ്ശേരി ഇല്ലം, 9847467897



ട്രഷറർ
**ഒ. എസ്. ബാലകൃഷ്ണൻ**
ഒളായ ഇല്ലം, 9847705113


## ആലുവ ശാഖ



പ്രസിഡന്റ്
**രാജേഷ് കെ.എൻ.**
കറുത്തമേശ്ശേരി ഇല്ലം , 9961068746



സെക്രട്ടറി
**കേശവൻ ഇളയത്**
മഴുവഞ്ചേരി ഇല്ലം , 9663700778



ട്രഷറർ
**സതീശ് കെ.എസ്.**
കറുത്തമേശ്ശേരി ഇല്ലം , 9249474747

## ആണ്ടൂർ ശാഖ



പ്രസിഡന്റ്
**മോഹൻകുമാർ എ എൻ**
ഏറത്തുരുത്തി ഇല്ലം, 9400650926



സെക്രട്ടറി
**ജ്യോതിസ് യു ശർമ്മ**
തുരുത്തി ഇല്ലം, 9496495612



ട്രഷറർ
**വാസുദേവശർമ്മ**
കൊട്ടാരത്തിൽ ഇല്ലം,90483 43506

## പാലാ ശാഖ



പ്രസിഡന്റ്
**ഹരികൃഷ്ണൻ കെ ആർ**
കൈപ്പള്ളി ഇല്ലം, 99478 03632



സെക്രട്ടറി
**അജീഷ് കെ**
കീച്ചേരിൽ ഇല്ലം, 9947591236



ട്രഷറർ
**വിഷ്ണു**
ഓണിയപ്പുലത്ത് ഇല്ലം, 86062 25326



ചോര തുടിക്കും ചെറുകയ്യുകളെ
പേറുക വന്നീപ്പന്തങ്ങൾ

## കുറവിലങ്ങാട് ശാഖ



പ്രസിഡന്റ്
**മനോജ് വി.എൻ**
തെക്കിനാട്ട് ഇല്ലം, 9447230820



സെക്രട്ടറി
**ശ്രീജ മനോജ്**
തെക്കിനാട്ട് ഇല്ലം, 9495277527



ട്രഷറർ
**ശ്രീകുമാർ റ്റി.എസ്.**
തുരുത്തിയില്ലം, 9447127735

## മണിമല ശാഖ



പ്രസിഡന്റ്
**ദാമോദരൻ നമ്പൂതിരി**
ഊരകത്തില്ലം, 9995153358



സെക്രട്ടറി
**എൻ. രാജേന്ദ്രൻ**
അറവിക്കുളത്തില്ലം ( കാവുങ്കൽ), 9400142574



ട്രഷറർ
**രാധാകൃഷ്ണൻ നമ്പൂതിരി**
കല്ലാരവേലിൽ ഇല്ലം (അമ്പാടി), 9446602377

## കോതമംഗലം ശാഖ



പ്രസിഡന്റ്
**രാജേന്ദ്രൻ കെ.വി.**
കിഴക്കേടത്ത് ഇല്ലം, 9747397812



സെക്രട്ടറി
**എൻ.ജി.രമാദേവി**
ഇടപ്പിള്ളി ഇല്ലം, 9495194213



ട്രഷറർ
**സനൽ കെ.എസ്.**
കടമ്പനാട് ഇല്ലം, 9447215609

## അമ്പലപ്പുഴ ശാഖ



പ്രസിഡന്റ്
**ധനേഷ് കുമാർ**
തോട്ടപ്പള്ളിൽ ഇല്ലം, 9947277886



സെക്രട്ടറി
**സേതു ബി.**
കുളക്കുടി ഇല്ലം, 7025955600



ട്രഷറർ
**സിന്ധു മധുസൂദനൻ**
തിരുവാതിര, 9847011900

## ചങ്ങനാശേരി ശാഖ



പ്രസിഡന്റ്
**രാധാ ബാലകൃഷ്ണൻ**
തെഞ്ചേരി ഇല്ലം, 9446537397




സെക്രട്ടറി
**ബാലകൃഷ്ണൻ നമ്പൂതിരി**
തേവലശേരി കിഴക്കേ ഇല്ലം, 9947052858



ട്രഷറർ
**ഹരിശർമ്മ**
പെരുമന ഇല്ലം, 9947820508

## കൂത്താട്ടുകുളം ശാഖ



പ്രസിഡന്റ്
**നാരായണശർമ്മ എ.വി.**
ആനിക്കാട്ടില്ലം (ശ്രീപദം), 9048105395



സെക്രട്ടറി
**കൃഷ്ണേന്ദു ശർമ്മ**
കാരിക്കോട്ടില്ലം, 9847598896



ട്രഷറർ
**പ്രദീഷ് പി.ഇളയത്**
ചിറപ്പുറത്തില്ലം, 94471 01186



തല കുമ്പിട്ടുതരും പൂങ്കൊമ്പുകൾ
തഴച്ചുവളരുന്നുണ്ടിവിടെ

## എറണാകുളം ശാഖ



പ്രസിഡന്റ്
**മുകുന്ദൻ**
വെളുത്തമശ്ശേരി ഇല്ലം, 9495500419



സെക്രട്ടറി
**സുനിൽ**
ചേന്ദമംഗലത്തില്ലം, 9388866925



ട്രഷറർ
**ഹരികുമാർ**
കൈനിക്കര ഇല്ലം, 94956 00254

## വൈക്കം ശാഖ



പ്രസിഡന്റ്
**കെ എസ് ശങ്കരൻ ഇളയത്**
കോലത്തില്ലം, 94952 65606



സെക്രട്ടറി
**മായ കെ.എൻ**
കുന്നക്കാട്ടില്ലം, 94006 38703



ട്രഷറർ
**കെ.പി അനിൽകുമാർ**
കൈനിക്കര ഇല്ലം, 88486 98235

## കൊരട്ടി ശാഖ



പ്രസിഡന്റ്
**ഭദ്ര നാരായണൻ**
ചുണ്ടേക്കാട്ട് ഇല്ലം, 8592803684



സെക്രട്ടറി
**നാരായണൻ എൻ.വി.**
നെന്മേനി ഇല്ലം, 9495194042



ട്രഷറർ
**എം.വി.നാരായണൻ**
മുല്ലപ്പിള്ളി ഇല്ലം, 9446717978

## കോട്ടയം ശാഖ



പ്രസിഡന്റ്
**ശ്രീദേവി വാസുദേവൻ**
ചിറ്റേഴത്തില്ലം, 98466 75605



സെക്രട്ടറി
**മോഹൻകുമാർ**
വാളാർപ്പള്ളി ഇല്ലം, 83010 87554



ട്രഷറർ
**കേശവൻ ഇളയത്**
തൈക്കാട്ടില്ലം, 81291 58453

## തിരുവനന്തപുരം സിറ്റി ശാഖ



പ്രസിഡന്റ്
**ശ്രീജിത്ത് എം.നമ്പൂതിരി**
തേവലപ്പുറത്തില്ലം, 9847164041



സെക്രട്ടറി
**മൃദുല എ.**
മുഖ്യപ്പുറത്തില്ലം, 9446272887



ട്രഷറർ
**റ്റി.എൻ.ശ്രീധരൻ നമ്പൂതിരി**
തുണ്ടത്തിൽ ഇല്ലം, 9946204264

## ഗുരുവായൂർ ശാഖ



പ്രസിഡന്റ്
**ഗീത എസ്. ഇളയത്**
ചേറ്റുവട്ടി ഇല്ലം, 7012447595



സെക്രട്ടറി
**കെ.എസ്. സുരേഷ് കുമാർ ഇളയത്**
കുഴുപ്പിള്ളി ഇല്ലം, 9946627883



ട്രഷറർ
**റ്റി.കെ. രാജൻ ഇളയത്**
തത്തമംഗലത്ത് ഇല്ലം, 9846099104

നന്മതൻ ചെന്തീപ്പൊരിയൊന്നുമാത്രമേ വേണ്ടൂ
തിന്മയാം കാന്താരത്തെ മുഴുവൻ വെണ്ണീറാക്കാൻ

## പറപ്പൂക്കര ശാഖ



പ്രസിഡന്റ്
**പുരുഷോത്തമൻ പി**
പുതുമന ഇല്ലം, 8893550660



സെക്രട്ടറി
**ശ്രീലത ജയകുമാർ**
നടുവിൽപാറ ഇല്ലം, 8078248373



ട്രഷറർ
**ഹരി കെ.എൻ.**
കാർത്തിക, 9447700676

## വടക്കാഞ്ചേരി ശാഖ



പ്രസിഡന്റ്
**എസ് എൻ സതീഷ്കുമാർ**
ശക്തിമംഗലത്ത് ഇല്ലം, 9895989369



സെക്രട്ടറി
**പി ജയദേവൻ**
പുല്ലുടുക്കത്തില്ലം, 9847476741



ട്രഷറർ
**വിജയശ്രീ പുരുഷോത്തമൻ**
ചെങ്ങഴിശ്ശേരി ഇല്ലം, 9744608981

## തുറവൂർ ശാഖ



പ്രസിഡന്റ്
**മുരളീധരൻ നമ്പൂതിരി പി. എസ്.**
പെരുമ്പുഴ ഇല്ലം , 9495541762




സെക്രട്ടറി
**അരവിന്ദ് പി.**
മാന്താനത്തില്ലം , 98950176463



ട്രഷറർ
**കെ.പി.രഘുനാഥൻ**
മാന്താനത്തില്ലം , 94475 68600

## തൈക്കാട്ടുശേരി ശാഖ



പ്രസിഡന്റ്
**മുകുന്ദൻ.എൻ,**
മംഗലശ്ശേരി ഇല്ലം (മുകുന്ദനിലയം), 9446462482



സെക്രട്ടറി
**ശ്രീകുമാരൻ ഇളയത്.വി.എസ്**
വഴുതനപ്പിള്ളി ഇല്ലം, 9447786100



ട്രഷറർ
**സബിത.ആർ.എസ്.**
കാരിക്കോട്ടില്ലം (രാജശ്രീ), 9447428443

## തൃശ്ശൂർ ശാഖ



പ്രസിഡന്റ്
**സുന്ദരേശൻ സി.വി.**
ചെമ്പൂക്കാട്ട് , 9400683060



സെക്രട്ടറി
**കൃഷ്ണദാസ് കെ**
കിഴക്കേടത്ത് ഇല്ലം, 9446402633




ട്രഷറർ
**സുരേഷ് സി.ആർ**
ചെറുവള്ളി ഇല്ലം, 8086193808

## ഓതറ ശാഖ



പ്രസിഡന്റ്
**എൻ.ശ്രീകുമാര ശർമ്മ**
താമരമംഗലത്തില്ലം, 9447058020



സെക്രട്ടറി
**എം.എൻ.ശ്രീകുമാര ശർമ്മ**
മാമ്പറ്റ ശ്രീഭവൻ, 9961193654



ട്രഷറർ
**ശ്രീജിത്ത് കെ.**
താമരപ്പള്ളിൽ കൊട്ടാരം, 9495704429

നിർണ്ണയം പൂജിച്ചീടും പുഷ്പത്തിൻ പുറത്തുള്ള
വർണ്ണമല്ലന്തഃസ്ഥമാം ഗന്ധമാണെനിക്കിഷ്ടം

**കേന്ദ്രവാർത്തകൾ**

രാമായണോത്സവം 2023 റിപ്പോർട്ട്

പ്രിയ സമാജം കുടുംബാംഗങ്ങളെ,

കർക്കിടകം 31 ദിവസവും,രാമായണോത്സവം 2023 എന്ന പേരിൽ കേന്ദ്ര സമിതിയുടെ ആഭിമുഖ്യത്തിൽ നടന്നു വന്ന സമാജത്തിന്റെ രാമായണ മാസാചരണം, അംഗങ്ങളുടെ പങ്കാളിത്തത്തോടെ, ശാഖകളിലെ കൊച്ചു കുട്ടികൾ മുതൽ മുതിർന്ന അംഗങ്ങളെ വരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള പാരായണവും, വിവിധ കലാപരിപാടികളും കൊണ്ട് ഗംഭീര മായി. ഈ പ്രാവശ്യം പരിപാടികൾ Host ചെയ്യുന്നതിനും Present ചെയ്യുന്നതിനും അതാത് ശാഖകളെ ഏല്പിച്ചിരുന്നതിനാൽ ഗൂഗിൾ മീറ്റ് ലിങ്കിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് മനസ്സിലാക്കാൻ ശാഖാംഗങ്ങൾക്ക് സാധിച്ചു . നമ്മുടെ I.T. Cellന്റെ പ്രവർത്തനം ആവശ്യപ്പെട്ട ശാഖകളിൽ അവ കൊടുക്കുന്നതിന് സാധിച്ചി ട്ടുണ്ട് എങ്കിലും ഗൂഗിൾ മീറ്റ് വഴി പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ, Cell നെ ഊർജ്ജ സ്വലരാക്കുവാൻ ശ്രമിക്കേണ്ടതാണ്. .ഈ ഉത്സവത്തിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു പ്രശ്നോത്തരി. ഏതാണ്ട് 150 ഓളം പേർ പങ്കെടുത്ത ഈ പരിപാടിയിൽ 4 പേർ മാത്രം ഒന്നാം സ്ഥാനത്തിന് അർഹരായി എന്നത് ചോദ്യത്തിന്റെ നിലവാരത്തേയും ക്വിസ് മാസ്റ്ററുടെ കഴിവിനേയും സൂചിപ്പിക്കുന്നു. ക്വിസ് മാസ്റ്ററായ മാന്താനത്തില്ലം അരവിന്ദിന് പ്രത്യേകം അഭിനന്ദനം. ശാഖകളിലെ പരിപാടി കൾ എല്ലാം തന്നെ നല്ല നിലവാരം പുലർത്തി. അത് പോലെ ഉദ്ഘാടന ദിനത്തിൽ അദ്ധ്യക്ഷ പദമലങ്കരിച്ച കേന്ദ്ര പ്രസി: പ്രൊഫ: ബാലചന്ദ്ര ശർമ്മ, ഉദ്ഘാടകൻ ശ്രീ ഫ്രാൻസിസ് സാർ, സ്വാഗതം ആശംസിച്ച കേന്ദ്ര ജോ: സെക്രട്ടറി മോഹൻകുമാർ, പാരായണങ്ങൾ നടത്തിയ വിദ്യ എൻ ശർമ്മ, രേഖാ പ്രമോദ്, സമാപന സമ്മേളന ത്തിൽ അദ്ധ്യക്ഷ പദമലങ്കരിച്ച കേന്ദ്ര വൈ: പ്രസി: വി.എൻ.ടി നമ്പൂതിരി, സ്വാഗതം ആശം സിച്ച കേന്ദ്ര ജന:സെക്രട്ടറി ശ്രീവൽസലൻ നമ്പൂതിരി, പാരായണം നടത്തിയ പി.എൻ നാരായണൻ നമ്പൂതിരി, രാമായണത്തിലെ കഥാപാത്രങ്ങളിലൂടെ നമ്മളുടെ കർമ്മമണ്ഡലം എങ്ങനെയാകണമെന്ന് പറഞ്ഞു തന്ന പി.വി. വിശ്വനാഥൻ നമ്പൂതിരി സാർ എന്നിവർക്കുള്ള നന്ദി അറിയിക്കുന്നു.

എല്ലാ ദിവസവും ആദ്യം മുതൽ അവസാനം വരെ പങ്കെടുത്ത കേന്ദ്ര അദ്ധ്യക്ഷൻ ബാലചന്ദ്ര ശർമ്മയ്ക്കും മുഴുവൻ സമാജ അംഗങ്ങളേ രാമായണോത്സവം സംഘാടക സമിതി അഭിനന്ദിക്കുന്നു . യുവജനവേദിയുടെ പരിപാടി വിജയിപ്പിക്കുന്നതിന് ശ്രമിച്ച രാമായണോത്സവ കമ്മറ്റിയിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകം പ്രത്യേകം നന്ദി. അതൊടൊപ്പം യുവജനവേദിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിയാൽ ഇത്തരം പരിപാടികൾ കൂടുതൽ ശോഭയാർന്നതാകു മെന്ന് അഭിപ്രായപ്പെടുന്നു.

അതുപോലെ തന്നെ വനിതാവേദി അവതരി പ്പിച്ച പരിപാടികൾ ഒന്നിനൊന്ന് മെച്ചമായിരുന്നു. ഇതിനു വേണ്ടി പ്രവർത്തിച്ച എല്ലാ വനിതാ വേദി പ്രവർത്തകർക്കും ആശംസകൾ അറിയിക്കുന്നു.

അതോടൊപ്പം രാമായണോത്സവത്തിൽ പങ്കെടുത്ത് ആശംസകളറിയിച്ച എല്ലാ കേന്ദ്ര മുപ്പത്തിയൊന്നംഗ സമിതിയംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ഇതുപോലുള്ള പരിപാടികൾ ആസൂ ത്രണം ചെയ്യുമ്പോൾ പാരായണ ഭാഗങ്ങൾ യുവാക്കളേയും, കുട്ടികളേയും പങ്കെടുപ്പിച്ച് കൊണ്ട് നടത്തണമെന്നും, ദിവസവും രാമായണ ത്തിലെ ഓരോ കഥാപാത്രത്തെപ്പറ്റി മനസ്സി ലാക്കി പ്രഭാഷണങ്ങൾ പറയാൻ കുട്ടികളെ പ്രാപ്തരാക്കാൻ പരിശീലിപ്പിക്കണമെന്നും, അതോടൊപ്പം നല്ല നല്ല അറിവുകൾ പകർന്ന് തരാൻ സാധിക്കുന്ന പ്രഭാഷകരെ മുൻകൂട്ടി കണ്ടെത്തി പരിപാടികളിൽ പങ്കെടുപ്പിക്കണ മെന്നും നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ രാമായണ മാസം ആഗതമാകുമ്പോൾ മാത്രം ഇതിനെക്കുറിച്ച് ചിന്തിക്കാതെ ഇപ്പോൾ മുതൽ തന്നെ അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങണമെന്നും അഭിപ്രായപ്പെടുന്നു.

രാമായണോത്സവം 2023 ൽ ആദ്യന്തം പങ്കെ ടുത്ത എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി അർപ്പിച്ചു കൊണ്ടും, എല്ലാ വർക്കും ശ്രീരാമസ്വാമിയുടെ അനുഗ്രഹമുണ്ടാ കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ടും, ഈ റിപ്പോ ർട്ട് അംഗങ്ങളുടെ ചർച്ചക്കും അംഗീകാരത്തിനു മായി സമർപ്പിച്ചു കൊണ്ടും നിർത്തട്ടെ

**കോട്ടയം ജില്ല**

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലാ വാർഷികവും കുടുംബസംഗമവും 2023 ആഗസ്ത് 13 ഞായറാഴ്ച ഏറ്റുമാനൂർ ശ്രീശൈലം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. വിവിധ ശാഖകളിൽ നിന്നായി ഏകദേശം 500 ഓളം അംഗങ്ങൾ പങ്കെടുത്തു. കൂടാതെ കേന്ദ്ര പ്രസിഡണ്ട്, കേന്ദ്ര ജനറൽ സെക്രട്ടറി വിവിധ ജില്ലാ ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ, പോഷക സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ജില്ലാ വാർഷികത്തോട് അനു ബന്ധിച്ച് കോട്ടയം മാതാ ആശുപത്രിയുടെ സഹകരണത്തോടെ പ്രമേഹ, രക്ത സമ്മർദ്ദ പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഒപ്പം ലഹരി വിരുദ്ധ പ്രഭാഷണവും പ്രതിജ്ഞയും ഏറ്റുമാനൂർ എക്സ്സൈസ് റേഞ്ച് ഓഫീസിന്റെ സഹകരണത്തോടെ നടത്തുകയുണ്ടായി.



ഒരു കണ്ണീർക്കണം ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം

രാവിലെ 08.30 നു ജില്ലയിലെ മുതിർന്ന അംഗവും മുൻ കേന്ദ്ര ജോയിന്റ് സെക്രട്ടറിയുമായ ബ്രഹ്മശ്രീ ടി എൻ എൻ ഇളയത് പതാക ഉയർത്തിയതോടെ ജില്ലാ വാർഷികത്തിന് തുടക്കം കുറിച്ചു. മുൻ ജില്ല സെക്രട്ടറി വി എൻ ദിവാകരൻ അംഗങ്ങൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് വിഷ്ണു സഹസ്രനാമ ജപം നടന്നു. മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലാ സമിതിയും മാതാ ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ബ്രഹ്മശ്രീ മാനേജിങ് എഡിറ്റർ ടി വി നാരായണശർമ്മ ഉത്ഘാടനം ചെയ്തു. ഏറ്റുമാനൂർ സിവിൽ എക്സൈസ് ഓഫീസർ ശ്രീമതി.വീണയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സെമിനാറും പ്രതിജ്ഞയും നടന്നു. വിവിധ ശാഖകളിൽ നിന്നുള്ള കലാപരിപാടികളും നടന്നു.

തുടർന്ന് നടന്ന വാർഷിക സമ്മേളനത്തിന് ജില്ലാ പ്രസിഡണ്ട് ഹരിമോഹൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ചന്ദ്രഗുപ്തൻ ഇളയത് യോഗത്തിനു എത്തിച്ചേർന്ന മുഴുവൻ അംഗങ്ങൾക്കും വിശിഷ്ട വ്യക്തികൾക്കും സ്വാഗതം ആശംസിച്ചു. അധ്യക്ഷ പ്രസംഗത്തിന് ശേഷം എം.ബി.എസ്. കേന്ദ്ര പ്രസിഡണ്ട് പ്രൊഫ.കെ.ബാലചന്ദ്ര ശർമ്മ ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ മുൻ മേൽശാന്തി ഡോ.കിരൺ ആനന്ദ് നമ്പൂതിരി അനുഗ്രഹ പ്രഭാഷണം നടത്തി. എം.ബി എസ്. കേന്ദ്ര ജന.സെക്രട്ടറി കെ.ശ്രീവത്സൻ നമ്പൂതിരി മുഖ്യപ്രഭാഷണം നടത്തി. മുന്നോക്ക സംവരണ കേസിൽ സുപ്രീംകോടതിയിൽ നിന്ന് അനുകൂല വിധി സമ്പാദിച്ച അഡ്വ.വി കെ.ബിജു, സംസ്കൃത പണ്ഡിതൻ ഡോ.വിശ്വനാഥൻ നമ്പൂതിരി , മികച്ച അധ്യാപകനുള്ള സംസ്ഥാന സർക്കാർ പുരസ്കാര ജേതാവ് ശ്രീ. നാരായണൻ നമ്പൂതിരി എന്നിവരെ ആദരിച്ചു. നവതി സ്മാരകത്തിലേക്കുള്ള സംഭാവനകൾ സമഗ്രവികസന സമിതി ട്രഷറർ ത്രിവിക്രമൻ നമ്പൂതിരി സ്വീകരിച്ചു. മാലം ടി.വി. നാരായണ ശർമ്മ, ത്രിവിക്രമൻ നമ്പൂതിരി, വി.എൻ.ടി. നമ്പൂതിരി, മോഹൻ കുമാർ ,സേതുമാധവശർമ്മ, കേശവൻ ഇളയത് എന്നിവർ ആശംസകൾ നേർന്നു. ഉച്ചകഴിഞ്ഞു കോട്ടയം ശ്രീരാഗം മ്യൂസിക്സ് അവതരിപ്പിച്ച ഗാനമേള നടന്നു. മലയാള ബ്രാഹ്മണ സമാജം വിവിധ ശാഖകളിൽ നിന്നുള്ള ഉത്പന്നങ്ങളുടെ പ്രദർശനവും വില്പനയും ജില്ലാ വാർഷികത്തോട് അനുബന്ധിച്ചു തയാറാക്കിയിരുന്നു

**തിരുവനന്തപുരം ജില്ല**

തിരുവനന്തപുരം ജില്ല MBS ന്റെ ജില്ല വാർഷികം 14.05.23 ന് ഡോ. ശ്രീജിത്ത് നമ്പൂതിരിയുടെ ഫിസിയോ തെറാപ്പി സെൻറർ ഹാളിൽ വെച്ച് നടന്നു. ശ്രീമതി. മായ നാരായണന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ശ്രീവത്സലൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ശ്രീ.നാരായണൻ നമ്പൂതിരിയുടെ റിപ്പോർട്ട് അവതരണത്തിന് ശേഷം മറ്റ് കാര്യക്രമങ്ങൾ പൂർത്തിയാക്കി. സപ്തംബർ മാസത്തിൽ വിപുലമായ ജില്ല സമ്മേളനവും ഓണാഘോഷവും നടത്തുവാൻ തീരുമാനിച്ചു. ജില്ലയിൽ പ്രതിമാസം നിർവഹക സമിതിയും കുടുംബ യോഗവും നടന്നു വരുന്നു. ജൂൺ മാസ കുടുംബ യോഗം 30.06.23 ന് നടന്നു. ജില്ലയുടെ ഈ വർഷത്തെ രാമായണ മാസാചരണവും ജൂലൈ മാസ കുടുംബ യോഗവും 16.07.23 ന് പൈതൃകരത്നം ഡോ.ഉണ്ണികൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. കർക്കടക മാസത്തിലെ 12 അവധി ദിവസങ്ങളെ കോർത്തിണക്കി കൊണ്ട് നടന്ന രാമായണ സമ്പൂർണ്ണ പാരായണവും അംഗങ്ങൾ നടത്തിയ പ്രഭാഷണവും കുടുംബാങ്ങളുടെ പങ്കാളിത്തവും കൊണ്ട് സമ്പുഷ്ടമായിരുന്നു. രാമായണ മാസാചരണ സമാപനം പാരായണ സമർപ്പണത്തോടൊപ്പം ഡോ. സി.എൻ. വിജയകുമാരിയുടെ വിജ്ഞാനപ്രദമായ പ്രഭാണത്തോടെയും കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ശ്രീവത്സലൻ നമ്പൂതിരിയുടെ ആശംസ ഭാഷണത്തോടും കൂടി പര്യവസാനിച്ചു.

കേന്ദ്ര നിർദ്ദേശമനുസരിച്ച് ശാഖ, ജില്ല, കേന്ദ്ര കൗൺസിലുകളിലേക്കുള്ള നാമ നിർദ്ദേശ പത്രിക സമർപ്പണവും പത്രിക പിൻമാറ്റവും ത്രിതല തെരഞ്ഞെടുപ്പും വളരെ ചിട്ടയോടെ വരണാധികാരിയായ ഡോ. ഹരിഹരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ സമയബന്ധിതമായി നടന്നു. 11 അംഗ തിരുവനന്തപുരം സിറ്റി ശാഖ കമ്മിറ്റി കൂടി ഡോ. ശ്രീജിത്ത് നമ്പൂതിരിയെ അദ്ധ്യക്ഷനായും, ശ്രീ. പി.ഡി. രാധാകൃഷ്ണനെ ഉപാദ്ധ്യക്ഷനായും, ശ്രീമതി.മൃദുല പ്രദീപിനെ സെക്രട്ടറിയായും, ശ്രീമതി.ഗീതാമണിയെ ജോ. സെക്രട്ടറിയായും, ശ്രീ. ടി.എൻ.എസ്. നമ്പൂതിരിയെ ട്രഷറർ ആയും ഐകകണ്ഠന തെരഞ്ഞെടുത്തു

**പാലാ ശാഖാ**

മലയാള ബ്രാഹ്മണ സമാജം പാലാ ശാഖയുടെ രാമായണ മാസാചരണവും, 2023 – 2026 വർഷത്തേയ്ക്കുള്ള തിരഞ്ഞെടുപ്പും 2023 ആഗസ്ത് 6 ഞായറാഴ്ച ഈരാറ്റുപേട്ട വെള്ളൂരില്ലത്ത് വി എൻ ശംഭുദേവശർമ്മയുടെ ഇല്ലത്ത് വച്ച് നടന്നു. ശാഖാ പ്രസിഡന്റ് ഹരികൃഷ്ണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ തട്ടക്കുഴ ഇല്ലത്ത് സുനിൽകുമാർ തിരഞ്ഞെടുപ്പ് വരണാധികാരിയായിരുന്നു. പതിവ് യോഗ നടപടികൾക്കും രാമായണ പാരായണത്തിനും ശേഷം ശാഖാ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. ഹരികൃഷ്ണൻ കൈപ്പള്ളി ശാഖാ പ്രസിഡന്റായും, അജീഷ് കീച്ചേരിൽ ശാഖാ സെക്രട്ടറിയായും വിഷ്ണു ഓണിയപ്പുലത്ത് ശാഖാ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.



ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി വിടർത്തവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗർണ്ണമി

പ്രവീൺ കടമ്പനാട് വൈസ് പ്രസിഡന്റായും, തുളസി വരകപ്പള്ളി ജോയിന്റ് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ 6 ശാഖാ കമ്മറ്റി അംഗങ്ങളും, 11 ജില്ലാ കൌൺസിൽ അംഗങ്ങളും, 6 കേന്ദ്ര കൌൺസിൽ അംഗങ്ങളും തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പിന് ശേഷം വരണാധികാരി പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരെ അഭിസംബോധന ചെയ്തു സംസാരിച്ചു. കൂടുതൽ ശക്തമായ പ്രവർത്തനം നടത്തുവാൻ സാധിക്കട്ടെ എന്ന് ആശംസിച്ചു. തുടർന്ന് കൃതജ്ഞതയ്ക്കും, ഐകമത്യസൂക്തത്തിനും ശേഷം യോഗം അവസാനിച്ചു

**പള്ളിക്കര ശാഖ**

മലയാള ബ്രാഹ്മണസമാജം പള്ളിക്കര ശാഖയുടെ പൊതുയോഗവും പുതിയ ഭരണസമിതി തിരഞ്ഞെടുപ്പും 30/7/2023 ൽ വെമ്പിള്ളി മഠപ്പിള്ളിക്കാവ് ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് ശാഖാ പ്രസിഡന്റ് സന്തോഷ് നടുവിൽപ്പാറയുടെ അധ്യക്ഷതയിൽ കൂടി ശാഖാ സെക്രട്ടറി A N കൃഷ്ണൻ ഇളയത് റിപ്പോർട്ടും, ശാഖാ ട്രഷറർ നാരായണൻ ചെറൂളി ഇല്ലം കണക്കും അവതരിപ്പിച്ച് പാസാക്കിയതിനു ശേഷം പുതിയ ഭരണസമിതി തിരഞ്ഞെടുപ്പ് നടന്നൂ. മധു സി കെ ചിറമല ഇല്ലം, ശാഖാ പ്രസിഡന്റ് ശ്രീരാജ് ശർമ്മ വഴുതനപ്പിള്ളി ഇല്ലം ശാഖാ സെക്രട്ടറി, നാരായണൻ ചെറുവിള്ളി ഇല്ലം ശാഖാ ട്രഷറർ, അനീഷ് T K വൈസ് പ്രസിഡൻറ്, അഭിലാഷ് NK ജോ.സെക്രട്ടറി, കൃഷ്ണൻ ഇളയത് A N, ഉണ്ണികൃഷ്ണൻ ഇ ഡ, അനൂപ് NN ,ഉണ്ണികൃഷ്ണൻ CP, ജയശ്രീ ,കുശലകുമാരി എന്നിവരെ കമ്മിറ്റി അംഗങ്ങളായും യോഗം ഐകകണ്ഠ്യേന തിരഞ്ഞെടുത്തൂ

**തൃശൂർ ജില്ല**

വനിതാവേദിയുടെ രാമായണോത്സവം 2023 ജൂലൈ 30-ാം തീയ്യതി. കൊരട്ടി ശാഖയിലെ അന്ന മനട തൈക്കാട്ട് ശ്രീമതി രാജം അന്തർജ്ജനത്തിന്റെ ഇല്ലത്ത് വച്ച് നടത്തുകയുണ്ടായി. രാവിലെ 5.30 ന് ഗണപതി ഹോമത്തോട് കുടി പരിപാടികൾ ആരംഭിച്ചു. കലാപരിപാടികളും ഉണ്ടായിരുന്നു. എറണാകുളം ശാഖയിലെ കുറച്ച് ഇല്ലക്കാരും ഇതിൽ പങ്കെടുത്തിരുന്നു. തൃപ്പൂണിത്തുറ ചേന്ദമംഗലത്ത് ഇല്ലത്ത് ശ്രീമതി സിന്ധു സുനിലിന്റെ ഭക്തി പ്രഭാഷണം ഉണ്ടായിരുന്നു. എല്ലാവർക്കും ഔഷധ കഞ്ഞി വിതരണം ഉണ്ടായിരുന്നു. അറുപതോളം അംഗങ്ങൾ പങ്കെടുത്തിരുന്നു. വൈകീട്ട് 4 മണിയോടുകൂടി പരിപാടികൾ പര്യവസാനിച്ചു.

**കൊരട്ടി ശാഖ**

ഓഗസ്റ്റ് മാസത്തെ യോഗം 06-08-2023 ഞായറാഴ്ച അഷ്ടമിച്ചിറ ചുണ്ടേക്കാട്ട് C. N. നാരായണൻ ഇളയതിന്റെ ഇല്ലത്ത് വച്ച് വൈസ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. തുടർ നടപടികൾക്ക് ശേഷം ഒരു വൃക്ഷതൈ നട്ട് യോഗം ഉദ്ഘാടനം ചെയ്തു. മുഖ്യ വിഷയം തിരഞ്ഞെടുപ്പ് ആയിരുന്നു. ചെമ്പുക്കാട്ട് ഇല്ലത്ത് C.V. നാരായണൻ ഇളയത് ആയിരുന്നു വരണാധികാരി. 11 എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. ജില്ലാ കൗൺസിലിലേക്ക് 16 പേരേയും കേന്ദ്രകൗൺസിലിലേക്ക് 8 പേരേയും തിരഞ്ഞെടുത്തു. കൊരട്ടി ശാഖയുടെ രാമായണോത്സവം 2023 അഷ്ടമിച്ചിറ ചുണ്ടേക്കാട്ട് സി.എൻ ഉണ്ണികൃഷ്ണൻ ഇളയതിന്റെ ഇല്ലത്ത് വച്ച് നടത്തുകയുണ്ടായി. കറുത്തമേശ്ശേരി ഇല്ലത്ത് ബ്രഹ്മശ്രീ കെ.എൻ രാജേഷ് ഇളയത് ഭദ്രദീപം 1കൊളുത്തി ഉദ്ഘാടനം ചെയ്തു. ശാഖയിലെ അംഗങ്ങൾ മാറി മാറി രാമായണം പാരായണം ചെയ്തു. തുടർന്ന് രാജേഷിന്റെ ഭക്തി പ്രഭാഷണം ഉണ്ടായിന്നു . ഉച്ചയൂണിനു ശേഷം പരിപാടികൾ പര്യവസാനിച്ചു.



**കോത്തല ശാഖാ** ഓണാഘോഷത്തോട് അനുബന്ധിച്ച് മറ്റക്കര വെങ്ങല്ലൂർ ഇല്ലത്ത് സുരേഷ് ശർമ്മയുടെ മാതാപിതാക്കളായ ശ്രീധരൻ ഇളയതിനെയും, അമ്മുക്കുട്ടി അന്തർജ്ജനത്തെയും സഹധർമ്മിണിയുടെ മാതാപിതാക്കളായ നാരായണൻ ഇളയതിനെയും, സരോജിനി അമ്മയെയും കോത്തല ശാഖാ ആദരിച്ചു



കോത്തല ശാഖയുടെ പൊതുയോഗത്തിൽ നവതി സ്മാരക നിധിയിലേയ്ക്ക് ആദ്യ സംഭാവന Adv. CN പരമേശ്വരൻ നമ്പൂതിരി യിൽ നിന്നും സമഗ്രവികസന സമിതി ഭാരവാഹികൾ സ്വീകരിക്കുന്നു



സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃത്തി തേടുന്നു.



**അമ്പലപ്പുഴ നാഗമംഗലം അയ്യപ്പ ക്ഷേത്ര ഭൂമിയിൽ** നിർമ്മിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ശ്രീകോവിലിന്റെയും നവതി സ്മാരകത്തിന്റെയും ബ്രോഷർ പ്രകാശനം സമഗ്ര വികസന സമിതി കൺവീനർ TV നാരായണ ശർമ്മ കേന്ദ്ര ജോയിന്റ് സെക്രട്ടറി മോഹൻ കുമാറിന് നൽകി നിർവ്വഹിച്ചു. തദവസരത്തിൽ സമഗ്ര വികസന സമിതി ട്രഷറർ M T ത്രിവിക്രമൻ നമ്പൂതിരി, കോട്ടയം ടൗൺ ശാഖ ട്രഷറർ കേശവൻ നമ്പൂതിരി,ഓഫീസ് സെക്രട്ടറി വിപിൻ ചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു



ചന്ദ്രയാൻ 3 ലാൻഡറിന്റെ ലാൻഡിംഗ് നാവിഗേഷൻ സിസ്റ്റം മെക്കാനിക്കൽ പാർട്ട് നിർമ്മിച്ച ടീം ലീഡർ സീനിയർ സയന്റിസ്റ്റും മലയാള ബ്രാഹ്മണ സമാജം കുടുംബാംഗവും ആയ ഈരാറ്റുപേട്ട കൊണ്ടൂർ വെള്ളൂരില്ലത്ത് ഗിരീഷ് ശർമ്മയെ MBS പാലാ ശാഖാ പ്രസിഡന്റ് ഹരികൃഷ്ണൻ ആദരിക്കുന്നു

**തൈക്കാട്ടുശ്ശേരി ശാഖ**
**ഓണാഘോഷവും കുടുംബസംഗമവും**

മലയാള ബ്രാഹ്മണ സമാജം തൈക്കാട്ടുശ്ശേരി ശാഖയുടെ ഓണാഘോഷവും കുടുംബസംഗമവും 2023 സെപ്റ്റംബർ 9ന് ഉളവയ്പ്പ് വഴുതനപ്പിള്ളി ഇല്ലത്തു വച്ച് നടന്നു. ശാഖാപ്രസിഡന്റ് ശ്രീ. മുകുന്ദൻ പതാക ഉയർത്തിയതോടെ പരിപാടികൾ ആരംഭിച്ചു.

തുടർന്ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശാഖാ സെക്രട്ടറി ശ്രീ. വി.എസ്. ശ്രീകുമാരൻ ഇളയത് സ്വാഗതം പറഞ്ഞു. മലയാള ബ്രാഹ്മണ സമാജം ജനറൽ സെക്രട്ടറി ശ്രീ. ശ്രീവത്സലൻ നമ്പൂതിരി ഓണാഘോഷവും കുടുംബസംഗമവും ഉദ്ഘാടനം ചെയ്തു. ശാഖയിലെ 10, 12, ഡിഗ്രി, പി.ജി. തലങ്ങളിൽ വിജയം നേടിയ കുട്ടികൾക്ക് എം.ബി.എസ്. ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീ. വി. സേതുമാധവശർമ്മ ഉപഹാരങ്ങൾ നല്കി. എം.ജി. യൂണിവേഴ്സിറ്റിയുടെ M.Sc. Environment Science and Management-Â ഫസ്റ്റ് റാങ്ക് നേടിയ വല്ലാഴത്തില്ലത്ത് ആതിര മുകുന്ദന് ക്യാഷ് അവാർഡ് നല്കി. ശാഖയിലെ 80 വയസ്സിനു മുകളിലുള്ള അംഗങ്ങളെ ആദരിച്ചു. കേന്ദ്രഭരണ സമിതി അംഗം പി.എം. വാസുദേവൻ ഞആട ആലപ്പുഴ ജില്ലാ വനിതാവേദി സെക്രട്ടറി ശ്രീമതി. പ്രിയ ശ്രീകുമാർ, യുവജനവേദി പ്രതിനിധി ഹരീഷ് നീലകണ്ഠൻ എന്നിവർ ആശംസകൾ നേർന്നു. ശാഖയിലെ വിവിധ ഇല്ലങ്ങളിൽ നിന്നുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഓണസദ്യ ഒരുക്കി. ഭക്ഷണത്തിനു ശേഷം ശാഖയിലെ കുട്ടികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും വഞ്ചിപ്പാട്ടും ഉണ്ടായിരുന്നു. മനോഹരമായ പൂക്കളവും ഓണാഘോഷത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു. ശാഖാ ജോയിന്റ് സെക്രട്ടറി ലേഖ മുകുന്ദൻ എല്ലാവർക്കും നന്ദി പറഞ്ഞു.

## അനുമോദനങ്ങൾ



നോൺ ഫീച്ചർ ഫിലിം വിഭാഗത്തിൽ മികച്ച ഓഡിയോഗ്രാഫർക്കുള്ള ദേശീയ പുരസ്കാരം നേടിയ വടക്കൻ പറവൂർ ശാഖാ ഞെരിഞ്ഞാമ്പിള്ളി ഇല്ലത്ത് രവീന്ദ്രൻ ഇളയതിന്റെയും ശ്രീലത അന്തർജ്ജനത്തിന്റെയും മകൻ എൻ ആർ കൃഷ്ണനുണ്ണി. 'ഏക് ഥാ ഗാവ്' എന്ന ഹിന്ദി ഡോക്യൂഫിക്ഷനാണ് പുരസ്കാരം നേടി കൊടുത്തത്. തൊഴിൽ തേടി ജനങ്ങൾ നഗരങ്ങളിലേക്ക് പോയപ്പോൾ ഒറ്റപ്പെട്ട ഗ്രാമം എന്ന പ്രമേയത്തിലാണ് ഡോക്യൂഫിക്ഷൻ ചിത്രീകരിച്ചത്. നിലവിൽ ഡീലക്സ് എന്റർ ടെയിൻമെന്റ് എന്ന ഹോളിവുഡ് കമ്പനിയിൽ സൗണ്ട് മിക്സിങ് എഞ്ചിനീയർ ആണ്. വെണ്ണല വൈലപ്പിള്ളി ഇല്ലത്ത് മുരളീധരന്റെയും സുധ യുടെയും മകൾ അനുപമയാണ് സഹധർമ്മിണി. മകൾ അഭിരാമി ആറാം ക്ലാസ്സിൽ പഠിക്കുന്നു

എങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു.



പെരുമ്പാവൂർ പാണാട്ടില്ലത്ത് ബ്രഹ്മശ്രീ അനിൽകുമാറിന്റെയും ശ്രീമതി ആശാഉണ്ണിക്കൃഷ്ണന്റെയുംപുത്രൻ ശ്രീ ഭരത് അനിലും കണ്ണൂർ പന്നിയോട്ടില്ലത്ത് ബ്രഹ്മശ്രീ ഗോവിന്ദൻ നമ്പൂതിരിയുടെയും ശ്രീമതി സുജാത അന്തർജ്ജനത്തിന്റെയും പുത്രി വീണയും തമ്മിലുള്ള വേളി 2023 സെപ്തംബർ 3ന് പെരുമ്പാവൂർ അപ്പൂസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.. തദവസരത്തിൽ കുടുംബാംഗങ്ങളോടൊപ്പം

# ശതാഭിഷേക കുടുംബസമാഗമം




ചേർത്തല ശാഖ പുല്ലയിൽ ഇല്ലത്ത് ബ്രഹ്മശ്രീ പി.വി. പ്രഭാകരൻ നമ്പൂതിരിയുടെ ശതാഭിഷേകത്തോട് അനുബന്ധിച്ച് കുടുംബാംഗങ്ങൾ ഒത്ത് ചേർന്നപ്പോൾ

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)